(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ശ്രീ. ദേവസ്സിക്കുട്ടി ഇവിടെ ഉന്നയിച്ച എല്ലാ ഒബ്ജക്ഷൻസും പരിഗണിച്ചിട്ടുണ്ട്. സഭയാണ് എല്ലാം തീരുമാനിക്കേണ്ടത്. സ്പീക്കർ യാതൊന്നും തീരുമാനിക്കേണ്ട കാര്യമില്ല.

The question that leave be granted for the introduction of the Kerala Cashew Worker's Welfare Fund Bill, 1979 was put and carried.

Leave was granted.

(Since the time allocated was over, the introduction of the bill was deferred.)

(iii) പ്രമേയങ്ങൾ

(i) കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള പദ്ധതി

[Shri T.M. Jacob in the Chair]

ശ്രീ. ഇ. കെ. പിള്ള: * സർ, ഞാൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

''ചെറുകിടക്കാരും ഇടത്തരക്കാരുമായ കൃഷിക്കാർക്ക് ഇപ്പോഴത്തേക്കാൾ കുറഞ്ഞ പലിശയ്ക്ക് ആവശ്യമായ വായ്പ സഹകരണ സംഘങ്ങളിൽ നിന്നു ലഭിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ഈ വർഷം തന്നെ തയ്യാറാക്കണമെന്നും, ഓഹരിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് വായ്പ അനുവദിക്കുന്ന ഇപ്പോഴത്തെ ചട്ടം ഭേദഗതി ചെയ്ത് ആവശ്യമായ വായ്പ ലഭിക്കുന്നതിന് ഒരു ഓഹരി മാത്രം കൊടുത്താൽ മതിയെന്ന് വ്യവസ്ഥ ചെയ്യണമെന്നും ഈ സഭ കേരള ഗവൺമെൻറ് നോടഭ്യർത്ഥിക്കുന്നു.''

റിസർവ്വ് ബാങ്കിൽ നിന്നും 6 ശതമാനം പലിശയ്ക്ക് കിട്ടുന്ന തുകയാണ് നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാർക്ക് പതിനൊന്നും അതിലേറെയും ശതമാനം പലിശയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ തോതു വെട്ടിക്കുറയ്ക്കണമെന്നും ഷെയറിൻറെ അടിസ്ഥാനത്തിൽ വായ്പ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുമാണ് ഈ പ്രമേയത്തിൽ കൂടി ഞാൻ ആവശ്യപ്പെടുന്നത്. അങ്ങനെ ആവശ്യപ്പെടാൻ പ്രത്യേക കാരണങ്ങളുണ്ട്. കണക്ക് പൂർണ്ണമല്ലെങ്കിലും ഈ കഴിഞ്ഞവർഷം നമ്മുടെ സംസ്ഥാനത്തിലെ കൃഷിക്കാർക്ക് കൊടുത്തിട്ടുള്ള വായ്പ ഏതാണ്ട് 30 കോടിയോളം വരും. ആ തുകയ്ക്ക് ഈടാക്കുന്ന 11 ശതമാനം പലിശ 7 ശതമാനമാക്കി കുറച്ചു കൊടുത്താൽ ഗവൺമെൻറിന് വരാവുന്ന നഷ്ടം ഒന്നേകാൽ കോടി രൂപ മാത്രമാണ്. ആ നഷ്ടം സഹിച്ച്, കേരളത്തിലെ ലക്ഷോപലക്ഷം കൃഷിക്കാർ എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാതെ ജപ്തി നടപടികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽനിന്നും അവരെ

* ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. പിള്ള പ്രമേയം അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കണമെന്നാണ് ഈ പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ രണ്ടരക്കോടി ജനങ്ങളിൽ ഏതാണ്ട് രണ്ടു കോടി ജനങ്ങളും കൃഷിയുമായി ബന്ധപ്പെട്ടോ കൃഷിയെ ആശ്രയിച്ചോ ജീവിക്കുന്നവരാണ്. ഭൂപരിഷ്കരണം നടപ്പിലാക്കിയ നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരും ഉല്പാദന വർദ്ധനവിനു വേണ്ടി കഠിന പ്രയത്നം നടത്തുന്ന ഒരു ഘട്ടമാണിത്. അവരുടെ മൗലികമായ ആവശ്യമാണ് മൂലധനം. മൂലധനം ഇല്ലാത്തതിനാൽ അവർ വളരെയേറെ കുഴയുന്നു. വായ്പക്കുവേണ്ടി ഏറ്റവും വേഗം ചെന്നു പറ്റുന്നത് സഹകരണ സംഘങ്ങളിലാണ്. എന്നാൽ, അവർക്ക് അന്യായമായ പലിശയ്ക്കാണ് വായ്പ ലഭിച്ചുകൊണ്ടിരിക്കുന്നത്. മാത്രവുമല്ല കൃത്യസമയത്തു പലിശയടയ്ക്കാത്തതിനാൽ അവരുടെ പേരിൽ സുശക്തമായ നടപടിയാണ് സ്വീകരിക്കുന്നതും. ഒരു ഷെയറെടുത്താൽ ആവശ്യമായ വായ്പ എടുക്കാമെന്നുള്ള ഉദാരമായ വ്യവസ്ഥ ഈ പ്രമേയംവഴി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. രണ്ടുകോടിയോളം വരുന്ന കൃഷിക്കാരോട് ഒരു തരത്തിലുള്ള സമീപനവും മറ്റൊരു വിഭാഗക്കാരോടു വേറൊരു സമീപനവുമാണ് ഗവൺമെന്റു സ്വീകരിക്കുന്നത്. ഉദാഹരണമായിട്ടു വ്യവസായ മേഖല തന്നെ എടുക്കാം. പൊതുമേഖലയിലെ വ്യവസായങ്ങളും തകർച്ചയിലാണ്, കടത്തിലാണെന്ന് നാം ചർച്ച ചെയ്തു അംഗീകരിച്ചിട്ടുണ്ട്. ആ വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നിസ്സാരമായ പലിശയ്ക്കു വായ്പ കൊടുക്കുന്നുണ്ട്. സഹകരണ മേഖലയിൽ വളർന്നു വരുന്ന വ്യവസായങ്ങൾക്കും ഉദാരമായ പലിശ നിരക്കിലാണ് പണം വായ്പ കൊടുക്കുന്നത്. ആ വായ്പകൾ തിരിച്ചടക്കുന്നതിനുള്ള വ്യവസ്ഥകളും ഉദാരമാണ്. അവർക്കുനേരെ സുശക്തമായ നടപടികളും, ജപ്തി നടപടികളും സ്വീകരിക്കാൻ അറയ്ക്കുകയാണ്. നേരെ മറിച്ച് കൃഷിക്കാർ കൃത്യ സമയത്ത് വായ്പ തിരിച്ചടയ്ക്കുന്നില്ലെങ്കിൽ അവരുടെ പേരിൽ ജപ്തി നടപടിയാണ് സ്വീകരിക്കുന്നത്. പാവപ്പെട്ട കൃഷിക്കാരുടെ വീടുകളിൽ ചെന്നു മാടുകളേയും മറ്റും പിടിച്ചു കൊണ്ടുപോകുകയും അവരുടെ വീട്ടിലുള്ള കിണ്ടിയും കിണ്ണവുമൊക്കെ പെറുക്കിക്കൊണ്ടു പോകുകയും ചെയ്യുന്നു. ഈ സ്ഥിതിക്ക് മാറ്റം വരുത്താൻ വേണ്ടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

സർ, ഈ സംസ്ഥാനത്തെ സമ്പത്തിന്റെ വിനിയോഗത്തെ പറ്റി പറയുമ്പോൾ ഒരു പ്രത്യേക കാര്യം എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിൽ പ്രവർത്തിക്കുന്ന ഒരു വലിയ വിഭാഗത്തിനുവേണ്ടി 450 കോടി രൂപ ഗവൺമെന്റ് ചെലവാക്കുന്നു. ഉദ്യോഗസ്ഥൻമാരുടെ ശമ്പളമാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇത്രയും വലിയ ഒരു തുക ഇവർക്കവേണ്ടി ചെലവാക്കിയാൽ തിരിച്ച് ഒരു പൈസ പോലും ഗവൺമെന്റിനു ആദായവുമില്ല. അവർ സംഘടിത വിഭാഗമായതുകൊണ്ട് ആനുകൂല്യങ്ങൾക്കു വേണ്ടി വീണ്ടും വീണ്ടും മുറവിളി കൂട്ടുകയും അവർക്ക് വീണ്ടും വീണ്ടും ആനുകൂല്യങ്ങൾ കൊടുക്കുകയും ചെയ്യുന്നു. ഈ പാവപ്പെട്ട കൃഷിക്കാർക്ക് പലിശയുടെ തോതു കുറച്ചു കൊടുത്താൽ ഏതാണ്ട് ഒന്നേകാൽ കോടി രൂപ മാത്രമേ ഗവൺമെന്റിനു നഷ്ടം സഹിക്കേണ്ടി വരുന്നുള്ളൂ. അതിന് 5 കോടിയും 450 കോടിയും ഒന്നും വേണ്ട. സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു കൊടുക്കുന്നത് വളരെ താൽപ്പര്യത്തോടു കൂടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങളുടെ കാര്യം നേരത്തെ ചൂണ്ടിക്കാണിച്ചല്ലോ, ഭൂരിപക്ഷം വ്യവസായങ്ങളും നഷ്ടത്തിലാണ്, എന്നിട്ടും വീണ്ടും അവയ്ക്ക് പണം കൊടുത്തു കൊണ്ടിരിക്കുകയാണ്. പ്രത്യുൽപ്പാദനപരമായ മേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട കൃഷിക്കാരിൽ നിന്നും, ജീവിതത്തിന് ഉറപ്പില്ലാത്ത, വരുമാനം ഉറപ്പില്ലാത്ത, കടഭാരംകൊണ്ട് നീറിക്കഴിയുന്ന കൃഷിക്കാരിൽ നിന്നും അവർ എടുത്തിട്ടുള്ള വായ്പ തിരിച്ച് പിടിക്കുന്നതിനും അന്യായമായി പലിശ വാങ്ങിക്കുന്നതിനും ഒരു മടിയുമില്ല, ഒരു തടസ്സവുമില്ല. ഗവൺമെൻറ് സമ്പത്തിൻെറ വിനിമയക്രമത്തിൽ കാതലായ മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരുപിടി സമ്പന്ന വിഭാഗത്തിനും ഒരു പിടി സംഘടിത വിഭാഗത്തിനും രാജ്യത്തിൻെറ സമ്പത്ത് വാരിക്കോരി കൊടുക്കുകയും അസംഘടിതരായ ഒരു വിഭാഗത്തിൻെറ നേരെ കണ്ണടയ്ക്കുകയും ചെയ്യുന്ന ഇന്നത്തെ നയം തിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു; വളരെ വൈകിയിരിക്കുന്നു. ബിർളായ്ക്ക് ആവശ്യമുള്ള പണം 4 ശതമാനം പലിശയ്ക്ക് കിട്ടും. എത്രവേണമെങ്കിലും കിട്ടും. പലിശ അടയ്ക്കേണ്ട. അതിന് ആരേയും ഭയക്കുകയും വേണ്ട. നേരെ മറിച്ച് പാവപ്പെട്ട കൃഷിക്കാരൻ ആയിരം രൂപയെടുത്താൽ അത് കൃത്യമായി അടയ്ക്കണം. ഇല്ലെങ്കിൽ ജപ്തി നടപടി, അപമാനം. ഈ സ്ഥിതിക്ക് മാറ്റം വരുത്തണം. അതിന് കൃഷിക്കാർക്ക് ഇന്ന് കൊടുത്തുകൊണ്ടിരിക്കുന്ന വായ്പയുടെ പലിശ നിരക്ക് ഗണ്യമായി വെട്ടിക്കുറയ്ക്കുകയും, ഒരു ഷെയർ എടുത്താൽ ആവശ്യമുള്ളത്ര വായ്പ കിട്ടുമെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം. അതുകൊണ്ട് എല്ലാമായില്ല. ഒരു തുടക്കം മാത്രമേയാകുന്നുള്ളു; എങ്കിൽപോലും ഇതേപ്പറ്റി പരിശോധിക്കാൻ നമുക്കു കഴിയണം. സർ, ബസ്സപകടമുണ്ടാകുമ്പോഴും ചിലയാളുകളും ഞെങ്ങിച്ചതഞ്ഞു പോകുന്നു. പെറ്റമ്മയ്ക്ക് പോലും തിരിച്ചറിയാൻ കഴിയാത്ത വിധം. അതുപോലെയാണ് പാവപ്പെട്ട കൃഷിക്കാരുടെ കൃഷിഭൂമിയുടെ ഇന്നത്തെ സ്ഥിതി. വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും മറ്റും വന്നാൽ അതാതു സ്ഥലങ്ങളിൽ ജനിച്ചു വളർന്നവർക്കുപോലും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ രൂപഭേദം വന്നു പോകുന്നു. ഉദാഹരണത്തിനു കൊല്ലം ജില്ലയിലെ കരീപ്ര. വെള്ളപ്പൊക്കത്തിൻേറയും പ്രകൃതിക്ഷോഭത്തിൻേറയും മറ്റും ഫലമായി അവിടെയുള്ള തെങ്ങുകളും പോയി, പാലങ്ങളും പോയി, കലുങ്കുകളും പോയി, ചെറുവരമ്പുകളും കൊണ്ടു ബന്ധിപ്പിച്ചിരുന്ന പാടശേഖരങ്ങളും മൺകൂമ്പാരങ്ങളായി മാറി. ആ ഭൂമിയുടെ ഉടമസ്ഥർമാരായിട്ടുള്ള കൃഷിക്കാർ അതു നേർഭൂമിയാക്കിക്കൊണ്ടുവരണമെങ്കിൽ കാൽ ശതാബ്ദക്കാലം അവർ ശ്രമിച്ചാലും പറ്റുകയില്ല. ആ കൃഷിക്കാരനു ഇന്നു കൊടുക്കുന്ന സഹായം വളരെ അപര്യാപ്തമാണ്. സമ്പത്തിൻെറ ശരിയായ ഒരു വിനിമയക്രമമനുസരിച്ചുള്ള സഹായം ഈ രാജ്യത്തെ കൃഷിക്കാരനു കിട്ടണം. ഈ രാജ്യത്തെ ഇന്നത്തെ സമ്പത്തിൻെറ വിനിമയക്രമം നോക്കിയാൽ സംഘടിത ശക്തികൊണ്ട് കോടിക്കണക്കിനുറുപ്പിക ജനസംഖ്യയുടെ ഒരു ചെറിയ വിഭാഗം നേടിയെടുക്കുകയാണെന്നു കാണാം. വ്യവസായ മേഖലയിലുമൊക്കെ പണിയെടുക്കുന്ന, അതു സംഘടിപ്പിക്കുന്ന, അതു കൈകാര്യം ചെയ്യുന്ന സമ്പന്ന വിഭാഗങ്ങൾക്ക് അത്രയും പണം നമ്മൾ വായ്പ കൊടുക്കുമ്പോൾ ഈ ദുർബല വിഭാഗങ്ങൾക്ക് ന്യായമായി അവരാഗ്രഹിക്കുന്ന വായ്പ കൊടുക്കണം. പലിശ കൂടാതെ കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. അങ്ങനെ കൊടുത്താൽ തന്നെ വരാവുന്ന നഷ്ടം ഓണത്തിനു ഉദ്യോഗസ്ഥർമാർക്കു കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു കോടി ഉറുപ്പികയിൽ താഴെയേ വരികയുള്ള. എന്നാലും ഞാൻ അതാവശ്യപ്പെടുന്നില്ല. 11 ശതമാനം പലിശ എന്നത് 7 ശതമാനം ആയി വെട്ടിച്ചുരുക്കണമെന്നും അതുപോലെതന്നെ ഒരു ഷെയർ അടച്ചാൽ ആവശ്യമുള്ളത്ര വായ്പ കൊടുക്കണമെന്നും നിയമത്തിൽ അതിനാവശ്യമായ ഭേദഗതി വരുത്തണമെന്നും മാത്രമാണാവശ്യപ്പെടുന്നത്. അതോടൊപ്പം സമ്പത്തിന്റെ വിനിമയക്രമം ഈ രാജ്യത്തു സമ്പന്നരായ സംഘടിത വിഭാഗങ്ങൾക്കു അനുകൂലമായി തിരിഞ്ഞുകൊണ്ടിരിക്കുന്നതു മാറ്റി ഈ കർഷക വിഭാഗങ്ങളുടെ നേരെ മുഖം തിരിക്കുന്ന ഒരു സമീപനം വരണം. എന്നാൽ മാത്രമേ ഭൂപരിഷ്ക്കരണം നടപ്പായ നമ്മുടെ രാജ്യത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന മൗലികമായ കടമയിലേക്ക് ഈ പട്ടിണിയിൽ കിടക്കുന്ന കൃഷിക്കാരനു കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെ കൃഷിക്കാരന്റെ നേരെ മുഖം തിരിക്കുന്ന ഒരു സമീപനവും ഈ വായ്പാ സമ്പ്രദായത്തിൽകൂടി സ്വീകരിക്കണം. എല്ലാ ഭാഗത്തു നിന്നും അനുകൂലമായ അഭിപ്രായമുണ്ടാകണമെന്നും ഈ പ്രമേയം ഐകകണ്ഠ്യേന പാസാക്കണമെന്നും അപേക്ഷിച്ചുകൊണ്ട എന്റെ സംസാരം ഉപസംഹരിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. കൃഷിക്കാർക്കു വായ്പ കിട്ടുന്നതിന് ഇന്നത്തേക്കാൾ ലളിതമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാകണം. കിട്ടുന്ന വായ്പകൾക്കു പലിശ ത്തോതു കുറയ്ക്കുകയും വേണം. ഈ പ്രശ്നം ഇത്രയും മൂർച്ചയായി വരാൻ കാരണമുണ്ട്. കൃഷിക്കാരൻ ഉണ്ടാക്കുന്ന സാധനങ്ങൾക്കു വില വല്ലാതെ താഴുകയാണ്. കൃഷിക്കാരൻ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്കു സാമാന്യം മര്യാദയ്ക്കും ചിലപ്പോൾ അതിനു മേലെയും വിലയുണ്ടായിരുന്ന കാലത്ത് ഈ വിഷമതകൾ ഇത്രയ്ക്ക് ഏശിയിരുന്നില്ല. എന്നാൽ ഇപ്പോൾ ഓരോ വർഷവും ക്രമേണ വില കുറഞ്ഞു വരികയാണ്. വില കുറഞ്ഞു വരുമ്പോൾ നാട്ടിൻപുറങ്ങളിൽ കൃഷിക്കാരൻ അനുഭവിക്കുന്ന വിഷമത എന്താണെന്ന് അറിയാമോ? സാധാരണ ഗതിയിലുള്ള കുറവൊന്നുമല്ല വിലനിലവാരത്തിന്റെ കാര്യത്തിൽ നാട്ടിൻപുറങ്ങളിൽ അനുഭവപ്പെടുന്നത്; വില താണു തുടങ്ങിയാൽ എത്ര വരെ താഴുമെന്നു യാതൊരു കണക്കുമില്ല. അത്രയുമല്ല നമ്മുടെ രാജ്യത്ത് ഈ മേഖലയിൽ കച്ചവടക്കാരെന്ന പേരിൽ ഒരു കൂട്ടം ഇടത്തട്ടുകാരുണ്ട്. എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്, കേരളത്തിലെ ഒരു ഗ്രാമം തൊട്ട് ഡൽഹി വരെ നോക്കിയാൽ ഈ ഇടത്തട്ടുകാരാണ്; ഈ വ്യാപാരികളാണ്; ഈ രാജ്യത്ത് ഇന്നു ഭരണം നടത്തുന്നത്; അവരുടെ ആധിപത്യമാണ്; ഇവരാണ് ചെലവു ചുരുക്കുന്നത് ഏതായാലും വില കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കച്ചവടക്കാരെന്നറിയപ്പെടുന്ന ഈ ഇടത്തട്ടുകാരുടെ ദ്രോഹത്തിന് ഇത്രയധികം വശംവദരാകുന്ന ഒരു വിഭാഗം കൃഷിക്കാരെപ്പോലെ വേറെ ഉണ്ടോ എന്നു സംശയമാണ്. ഗവൺമെന്റിനു ചെയ്യാവുന്ന ഈ രണ്ടു കാര്യങ്ങൾ ചെയ്യണം. ഇപ്പോൾ സർവ്വീസ് സൊസൈറ്റികളിൽ കൂടിയാണ് കൃഷിക്കാർക്ക് അധികവും കടം കിട്ടുന്നത്. പ്രമേയാവതാരകൻ പറഞ്ഞിട്ടുള്ളതു പോലെ ഷെയർ എടുക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടം കിട്ടുന്നത എന്ന് എല്ലാവർക്കുമറിയാം. ഞങ്ങളുടെ പ്രദേശത്ത് ഷെയർ എന്ന ഇംഗ്ലീഷു വാക്കിനു 'പിടുത്തപ്പണം' എന്നാണു പറയുന്നത്. ഇവിടെ ആ തർജ്ജമയാണു ശരി: ഷെയർ വാങ്ങാൻ ചെല്ലുന്ന ആൾ അങ്ങോട്ടു കൊടുക്കുന്ന ഒന്നാണെങ്കിലും അവസാന നിഗമനത്തിൽ കൃഷിക്കാരനു കൊടുക്കുന്ന കടത്തിൽ നിന്നു ബാങ്കുകൾ പിടിക്കുന്ന പണമാണു

LIBRARY ARCHIVES Kerala Legislative Assembly

ഷെയർ; അതാണു പിടുത്തപ്പണം. ഒരൊറ്റ ഷെയർ എടുത്താൽ, സാധാരണ ഗതിയിൽ ആ കൃഷിക്കാരനു് അനുവദിക്കാവുന്ന കടം മുഴുവനും അനുവദിക്കണം. ഇന്നു നിലവിലുള്ള പലിശത്തോതാണെങ്കിൽ, 11 ശതമാനമെന്നാണു പ്രമേയാവതാരകൻ പറഞ്ഞിട്ടുള്ളതെങ്കിലും അവിടെ നിൽക്കുന്നില്ല. അടവു് തെറ്റിക്കുകയാണെങ്കിൽ—അവധി തെറ്റിയാൽ—18 ശതമാനം വരെ പലിശ കൊടുക്കണം. പലിശയും പിഴ പലിശയും കൂടിയാൽ വളരെ അധികമാണു്. അങ്ങനെ വരുന്ന സാഹചര്യത്തിൽ 6 ശതമാനം പലിശയ്ക്കാണു റിസർവ്വു് ബാങ്കു് കടം കൊടുക്കുന്നതെങ്കിൽ 7 ശതമാനത്തിനു കൃഷിക്കാർക്കു കടം കിട്ടുന്ന ഒരു ഏർപ്പാടുണ്ടാക്കണം. കൃഷിക്കാരുടേയും അതിലും ഉപരി കൃഷിയുടേയും സ്ഥിതി ഇങ്ങിനെ പോയാൽ എന്തായിത്തീരുമെന്നു ഞാൻ ഭയപ്പെടുന്നു. പ്രമേയത്തെ അനുകൂലിക്കുന്നു. ഇതു് അംഗീകരിക്കാനും നടപ്പാക്കാനും ഗവൺമെൻറു മുന്നോട്ടു വരണമെന്നു് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:

പ്രമേയത്തിൽ 'ലഭിക്കുന്നതിനു്' എന്ന വാക്കിനും 'സമഗ്രമായ' എന്ന വാക്കിനും മദ്ധ്യേ താഴെ പറയുന്ന വാക്കുകൾ ചേർക്കുക: ''ഇന്നു നിലവിലുള്ള 'ത്രീ ടയർ' സമ്പ്രദായം റദ്ദാക്കിക്കൊണ്ടു്''.

സർ, ഇതു സഹകരണ മേഖലയിൽ പ്രാധാന്യമർഹിക്കുന്ന ഒരു പ്രമേയമായതുകൊണ്ടാണു് ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുന്നതു്. ഇന്നു പലിശ കൂടുതലാകാൻ പ്രധാന കാരണം ഇന്നു നിലവിലുള്ള ത്രീ ടയർ സിസ്റ്റമാണു്. സംസ്ഥാന സഹകരണ ബാങ്കു്, ജില്ലാ സഹകരണ ബാങ്കു്, പ്രാഥമിക സഹകരണ സംഘം ഇങ്ങനെ മൂന്നു ടയറാണു് സഹകരണ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നതു്. റിസർവ്വു് ബാങ്കു് അഞ്ചര ശതമാനം ആറു ശതമാനം നിരക്കിൽ ചുരുങ്ങിയ പലിശയ്ക്കു കൊടുക്കുന്ന വായ്പ സംസ്ഥാന സഹകരണ ബാങ്കിൽ കൂടി കടന്നു് ജില്ലാ സഹകരണ ബാങ്കിൽ കൂടിവന്നു് പ്രാഥമിക സഹകരണ സംഘങ്ങളിൽക്കൂടി കൃഷിക്കാരനു ലഭിക്കുമ്പോഴേക്കും പലിശ 14 ശതമാനം വരെ വരുന്നു. ഇങ്ങനെ അധികം പലിശ വരുന്നതു് കൂടുതൽ ടയർ ഇവിടെ നിലവിലുള്ളതുകൊണ്ടാണു്. അതുകൊണ്ടു് സഹകാരികളുടെയിടയിൽ നിന്നു പൊന്തിവന്നിട്ടുള്ള അഭിപ്രായം ഒരു ടയർ മതി, പ്രാഥമിക സഹകരണസംഘം മാത്രം മതി, ജില്ലാ സഹകരണബാങ്കും സംസ്ഥാന സഹകരണ ബാങ്കും നിർത്തലാക്കണം എന്നാണു്. ഇന്നു് ഡെപ്യൂട്ടി രജിസ്ട്രാറുടെ ആഫീസിൽ ആഡിറ്റു് നടക്കുന്നുണ്ടു്. അങ്ങനെ ആഡിറ്റു നടത്തുന്നതുപോലെ അഡ്മിനിസ്ട്രേറ്റീവു് സൂപ്പർവിഷൻ നടത്തുന്നതുപോലെ ഫൈനാൻഷ്യൽ സൂപ്പർവിഷൻ ഡെപ്യൂട്ടി രജിസ്ട്രാഫീസിലുള്ള ഒരു വിങ്ങിനെക്കൊണ്ടു വളരെ നല്ല നിലയിൽ നടത്തിക്കാൻ കഴിയും. അങ്ങിനെ നടത്തിക്കാൻ കഴിയുകയാണെങ്കിൽ ഈ രണ്ടു ടയറും—ജില്ലാ സഹകരണ ബാങ്കും സംസ്ഥാന സഹകരണ ബാങ്കും—നിർത്തലാക്കാനും കഴിയും. സർ, അവരിന്നു് അനുവർത്തിച്ചു വരുന്ന കുത്തകബാങ്കുകളുടെ അനുകരണം കൊണ്ടു് ഓവറോൾ എക്സ്പെൻഡിച്ചർ കൂടുന്നതുകൊണ്ടാണു് ചെലവു വർദ്ധിക്കുന്നതു്. ഇന്നു് സ്റ്റേറ്റു് ബാങ്കിൽ കൊടുക്കുന്നത്ര ശമ്പളം ഈ സഹകരണ ബാങ്കുകാർ കൊടുക്കുന്നു; ജില്ലാ ബാങ്കുകാർ കൊടുക്കുന്നു. അങ്ങനെ കുത്തക ബാങ്കുകളെ അനുകരിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന രീതിയിൽ, സഹകരണ പ്രസ്ഥാനത്തിനു നിരക്കാത്ത രീതിയിൽ, ഈ

LIBRARY ARCHIVES Kerala Legislative Assembly

വലിയ കേന്ദ്ര ബാങ്കുകളും ജില്ലാ ബാങ്കുകളും പ്രവർത്തിക്കുന്നതു കൊണ്ടാണ് റിസർവ്വ് ബാങ്ക് 5 ശതമാനവും ആറു ശതമാനവും പലിശയ്ക്കു കൊടുക്കുന്ന പണം സാധാരണ കൃഷിക്കാരിൽ എത്തുമ്പോഴേക്കും പലിശ പതിനാലു ശതമാനമാകുന്നത്. അതുകൊണ്ട് സഹകാരികളുടെ വളരെക്കാലത്തെ ആവശ്യമാണിത്. ഒന്നുകിൽ ഗവൺമെൻറ് അത് അംഗീകരിക്കുക, അല്ലെങ്കിൽ ഈ ആവശ്യത്തെക്കുറിച്ച് ആലോചിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുക. അതിനു ശേഷം മാത്രം വേണം പുതിയ പദ്ധതികൾ നടപ്പാക്കാൻ എന്നാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കല്ലട നാരായണൻ: സർ, സഹകരണ മേഖലയിൽ വന്പിച്ച പരിവർത്തനങ്ങൾ ദൈനംദിനം വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി, ഒരു കാലത്ത് ഒരു പിടിയാളുകളുടെ കൈയിൽ ഒതുങ്ങിനിന്നിരുന്ന പ്രസ്ഥാനം ഇന്നു കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും കയ്യിലേക്കു വന്നിരിക്കുകയാണ്. സാമ്പത്തിക രംഗത്തു വളരുവാനാഗ്രഹിക്കുന്ന ഈ വിഭാഗം ആളുകൾക്ക് അവരുടെ ജീവിത പുരോഗതിക്ക് എതിരായി നിൽക്കുന്ന ചില ഘടകങ്ങൾ ഇന്നുണ്ട്. പലിശ ഇന്നു വളരെ കൂടുതലാണ്. അതിന്റെ സാങ്കേതികമായ വശം എന്തുതന്നെയായാലും ശരി പാവപ്പെട്ട ആളുകൾക്കു താങ്ങാനാവുന്ന തരത്തിലുള്ള ഒരു പലിശ സന്പ്രദായം ഇതിന് ഉണ്ടാക്കേണ്ടതാണ്. അതേ സമയത്തു തന്നെ, നമ്മുടെ കോ-ഓപ്പറേറീവ് ഡിപ്പാർട്ടുമെൻറിൽ ഹരിജനങ്ങളുടെ സംഘങ്ങളും ഉണ്ട്. അത്തരം സംഘങ്ങൾക്കു നിലവിലുള്ള ചട്ടങ്ങളുമായി പൊരുത്തപ്പെടുത്തിപ്പോകുവാൻ ഇന്ന് ബുദ്ധിമുട്ടും ഉണ്ട്. ആ സാഹചര്യത്തിൽ അവർക്കു ലഭിക്കുന്ന പണത്തിന്റെ പലിശ നാലു ശതമാനമെങ്കിലുമാക്കി ചുരുക്കാനാവശ്യമായ നടപടി സ്വീകരിക്കുകയോ അല്ലെങ്കിൽ ഇത്തരം സംഘങ്ങളെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലേക്കു മാറ്റി ഇതിനാവശ്യമായ മറ്റു പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ, ഒരു ഷെയറിന്റെ അടിസ്ഥാനത്തിൽ പരമാവധി തുക നൽകുക എന്ന കാര്യവും ഗവൺമെൻറ് കാര്യമായി പരിശോധിക്കണം.

ശ്രീ എ. പി. കുര്യൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''ഇപ്പോഴത്തേക്കാൾ കുറഞ്ഞ പലിശയ്ക്ക്'' എന്നതിനു പകരം ''ഇപ്പോൾ ഈടാക്കുന്നതിന്റെ പകുതി പലിശനിരക്കിൽ'' എന്നാക്കി ഭേദഗതി ചെയ്യണം.

സർ, പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഇ. കെ. പിള്ള കാർഷികമേഖലയുടെ തകർച്ചയെപ്പറ്റി പറഞ്ഞ കാര്യങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹം പലിശ കുറയ്ക്കണമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. അതിനു പകരം നിലവിലുള്ള 11 ശതമാനം എന്നതിന്റെ 50 ശതമാനമാക്കണം എന്നാണ് എന്റെ ഭേദഗതി. 11 ശതമാനമാണ് ഔദ്യോഗികമായ പലിശ നിരക്ക്. പക്ഷേ കൈയിൽ കിട്ടുമ്പോൾ അത് 14-ഉം 15-ഉം ഒക്കെയായി വർദ്ധിക്കുന്നുണ്ട്. അത് അഞ്ചര ശതമാനമെങ്കിലും ആക്കണം. അത് അവതാരകൻ അംഗീകരിക്കാൻ കഴിയും എന്നാണ് എന്റെ വിശ്വാസം. കാർഷിക മേഖലയുടെ തകർച്ചയെക്കുറിച്ച് നീണ്ട ഒരു വിശദീകരണം ആവശ്യമില്ല. കാർഷിക വിഭവങ്ങളുടെ വില ഇടിയുന്നു. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട കർഷക

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനങ്ങളും സമീപകാലത്ത് ഉന്നയിച്ചിട്ടുള്ള നിരവധി ആവശ്യങ്ങളുണ്ട്. അതിൽ ഒന്നാണ് കൃഷിക്കാരുടെ കടങ്ങൾക്കുള്ള ആശ്വാസം; അത് സഹകരണ മേഖലയ്ക്കും ഗവൺമെന്റിൽനിന്നും എടുത്തിട്ടുള്ള കടങ്ങൾക്കുംകൂടി ബാധകമാക്കണമെന്ന് വർഷങ്ങളായി നമ്മുടെ സംസ്ഥാനത്തെ കർഷക സംഘങ്ങളും ഗവൺമെന്റിനോടാവശ്യപ്പെടുന്നതാണ്. ഇതുവരെ നിർഭാഗ്യവശാൽ ഗവൺമെന്റ് അതിനു മുതിർന്നിട്ടില്ല. കടാശ്വാസ ഭേദഗതി നിയമം വന്നപ്പോഴൊക്കെ കാർഷിക കടങ്ങളുടെ പരിധി 3,600 രൂപയായി നിശ്ചയിക്കുകയും അത് സഹകരണ സ്ഥാപനങ്ങൾക്കും കൂടെ ബാധകമാക്കുകയും ചെയ്യണമെന്ന് പറഞ്ഞിരുന്നു. അത് അംഗീകരിക്കാൻ കൂട്ടാക്കിയിട്ടില്ല. സർ, അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന വെള്ളക്കരംജലസേചന നികുതി - കുറയ്ക്കണം; അതൊക്കെ ഈ സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. കർഷകർക്കുവേണ്ടി വാചാലമായി പ്രസംഗിക്കുകയും ശ്രീമാൻ പിള്ള അടക്കം കണ്ണീരൊഴുക്കുകയും ചെയ്യുമ്പോഴും ഈ കൃഷിക്കാർക്ക് ആശ്വാസത്തിനുവേണ്ടി കാര്യമായ ഒരു നടപടിയും ചെയ്തിട്ടില്ല എന്നുള്ളതാണ് ആക്ഷേപം. സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്തി. അതിലും നമുക്കൊക്കെ ആക്ഷേപമുണ്ട്. കൃഷിക്കാരുടെ കൃഷിയൊക്കെ മട വീണു നശിക്കുമ്പോഴും അതുപോലെയുള്ള ഘട്ടങ്ങളിലൊക്കെയും അവർക്കാശ്വാസം നൽകുന്നതിനുള്ള സ്ഥിരമായ ഒരു കർഷക രക്ഷാനിയമം വേണം. ഈ ആവശ്യങ്ങളിൽ സമഗ്രമായി ഏതെങ്കിലും ചെയ്യാൻ ഗവൺമെന്റ് ഇതുവരെ മുതിർന്നിട്ടില്ല. ഈ പതനത്തിലാണ് നമ്മുടെ രാജ്യത്തെ കാർഷിക മേഖലയാകെ വലിയ തകർച്ചയിലെത്തിയിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായിട്ട് ഇതെങ്കിലും ചെയ്യണം. ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. പിള്ള ഒരു കാര്യം ചൂണ്ടിക്കാണിച്ചു. ഒറ്റ ഷെയർ എടുത്താലും കൃഷിക്കാർക്ക് ആവശ്യമായ വായ്പ കിട്ടാനുള്ള സൗകര്യം ഉണ്ടാകണം. പലിശ കുറയ്ക്കുന്നതിനെപ്പറ്റി പറയുന്നുണ്ട്. വേണമെങ്കിൽ അര ശതമാനം കുറയ്ക്കാം. അല്ലെങ്കിൽ ഒരു ശതമാനം കുറയ്ക്കാം. പക്ഷേ അതുകൊണ്ടൊന്നും ചെറുകിട കർഷകർക്ക് വായ്പാസൗകര്യത്തിന്റെ കാര്യത്തിൽ ആശ്വാസം കിട്ടുകയില്ല; അവർ കൊടുക്കുന്ന പലിശയ്ക്ക് ആശ്വാസമാവില്ല. ഏറ്റവും ചുരുങ്ങിയത് നിലവിലുള്ള പലിശയുടെ 50 ശതമാനമാക്കണമെന്ന ഭേദഗതിയേടുകൂടി ഈ പ്രമേയം അംഗീകരിക്കണമെന്ന് ഒരിക്കൽകൂടി ആവശ്യപ്പെട്ടുകൊണ്ട് ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ Add the words

''കുറഞ്ഞ പലിശയ്ക്ക്'' after the word

''വായ്പ'' in line 7.

ഇന്ന് വളരെയേറെ ദുരിതബാധിതരായിത്തീർന്നിരിക്കുന്ന കുട്ടനാട്ടിലെ കൃഷിക്കാർക്ക് എന്തെങ്കിലും സഹായം ചെയ്യേണ്ടത് ആവശ്യമാണ്. താങ്ങുവില ഏർപ്പെടുത്തിയെങ്കിലും കടത്തിനു മതിയായ ശമനം കിട്ടിയിട്ടില്ല. സ്റ്റേറ്റ് ബാങ്കിൽ നിന്നൊക്കെ കടം കിട്ടുന്നുണ്ട്. 3 ആളുകളുടെ സെക്യൂരിറ്റി ഉണ്ടെങ്കിൽ മാത്രമേ കൊടുക്കുകയുള്ളുവെന്ന സമ്പ്രദായം നിലവിലുണ്ട്, 3 ആളുകളും ഷുവർട്ടീസായി

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുമ്പോഴും ഒരാൾ പണം അടച്ചില്ലെങ്കിൽ ആർക്കും പണം കടം കിട്ടാത്തതിനാൽ ബുദ്ധിമുട്ടുണ്ടാകും; കേസ് ഉണ്ടാകും. ഈ നിലയിൽ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. സപ്ലൈർട്ടു പ്രൈസ് കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും അതുകൊണ്ട് വലിയ ആശ്വാസം കിട്ടുന്നില്ല എന്നുള്ള അടിസ്ഥാനത്തിൽ ഇന്നു കൊടുക്കുന്ന കടത്തിന് പലിശ എത്രമാത്രം കുറയ്ക്കാൻ സാധിക്കുമോ അത്രമാത്രം കുറച്ച് കൃഷിക്കാരെ സഹായിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ ''ചെറുകിടക്കാരും'' എന്നു തുടങ്ങുന്ന വാചകത്തിനു മുമ്പായി ''നിത്യദുരിതം അനുഭവിക്കുന്ന'' എന്ന വാക്കു കൂടി ചേർക്കണം.

കൃഷിക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് പണം കിട്ടാനുള്ള ഒരു മാർഗ്ഗം ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞതല്ലാതെ മറെറാന്നുമില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. രണ്ടു മൂന്നു ടയർ ഉള്ള സിസ്റ്റമാണ് ഇന്നുള്ളത്. ആ ടയറൊക്കെ കഴിഞ്ഞു വരുമ്പോൾ 5½ ശതമാനത്തിന് റിസർവ്വ് ബാങ്കിൽനിന്നും കൊടുക്കുന്ന പണത്തിന് 11–11½ ശതമാനം പലിശ ആകുന്നു. അതുകൊണ്ട് സ്റേറ്റ് കോ-ഓപ്പറേറീവ് ബാങ്കും ഡിസ്ട്രിക്ട് കോ-ഓപ്പറേറീവ് ബാങ്കും എല്ലാം നിറുത്തൽ ചെയ്യണം. എന്നിട്ട് റിസർവ്വ് ബാങ്കിൽ നിന്നും കിട്ടുന്ന പണം പ്രൈമറി സൊസൈറ്റി മുഖാന്തിരം വിതരണം ചെയ്യുകയും കുറഞ്ഞ പലിശയ്ക്ക് പണം കൃഷിക്കാർക്ക് കിട്ടാൻ സൗകര്യം ഉണ്ടാക്കുകയും വേണം. ഇന്ന്, ഒരു കൃഷിക്കാരന് സൊസൈറ്റിയിൽ നിന്നു പണം കിട്ടണമെങ്കിൽ ഷെയറിന്റെ അടിസ്ഥാനത്തിൽ മാത്രമേ കിട്ടുകയുള്ളു. 10 രൂപയുടെ ഷെയർ എടുക്കുകയാണെങ്കിൽ 80 രൂപ കൊടുക്കും. പതിനായിരം രൂപ ലോൺ എടുക്കണമെങ്കിൽ ആയിരത്തിൽ ചില്വാനം ഷെയറായി നിക്ഷേപിക്കണം. ഇതിന് യാതൊരു പലിശയും കിട്ടുന്നില്ല. കമ്മിറ്റി തീരുമാനിക്കുകയാണെങ്കിൽ തിരിച്ചു കൊടുക്കും. ചില സൊസൈറ്റികളിൽ തിരിച്ചു കൊടുക്കാൻ പ്രൊവിഷൻ ഇല്ല. തിരിച്ചു കൊടുക്കാൻ പാടില്ല എന്നു തന്നെ എഴുതിവച്ചിട്ടുണ്ട്. തിരിച്ചു കൊടുത്താൽ തന്നെ ലോൺ അടച്ചുകഴിഞ്ഞശേഷം തിരിച്ചു കൊടുക്കും. അതേ സമയം ബാങ്കുകളിൽനിന്ന് ഇഷ്ടംപോലെ ലോൺ കൊടുക്കുന്ന ഏർപ്പാടുണ്ട്. നാഷണലൈസ്ഡ് ബാങ്കിലും മറ്റു ബാങ്കിലുമൊക്കെ ചെന്നാൽ കൃഷിക്കാർക്ക് യാതൊരു ഷെയറും എടുക്കാതെ 10,000 വും 20,000 വും രൂപയൊക്കെ കിട്ടാൻ സൗകര്യമുണ്ട്. ലോൺ വേണമെങ്കിൽ ഷെയർ എടുക്കണമെന്ന് വ്യവസ്ഥ നിലനിൽക്കെ ബാങ്കിൽനിന്ന് കടം കിട്ടാൻ സൗകര്യമുള്ളപ്പോൾ സ്വാഭാവികമായും കൃഷിക്കാർ ബാങ്കിനെ ആശ്രയിക്കും. അതുകൊണ്ട് ഈ സമ്പ്രദായം നിറുത്തൽ ചെയ്യണം. പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. സഹകരണസംഘങ്ങളിൽനിന്ന് കൃഷിക്കാർക്ക് ലോണും മറും കൊടുക്കുന്ന കാര്യത്തിൽ കുറച്ചൊക്കെ അയവു വരുത്തേണ്ട കാലഘട്ടമാണ്. ഈയവസരത്തിൽ എനിക്കു പറയാനുള്ളത്. 15 ഏക്കറിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ഭൂമിയുള്ള കൃഷിക്കാർക്ക് പട്ടയം കിട്ടിയിട്ടില്ല എന്നുള്ള കാരണത്താൽ സഹകരണ സംഘങ്ങളിൽനിന്ന് ലോൺ കൊടുക്കുന്നില്ല. കൃഷിഭൂമിയുടെ ജാമ്യത്തിൽ കടം എടുക്കാവുന്ന സാഹചര്യം ഉണ്ടാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

ശ്രീ. ചടയൻ ഗോവിന്ദൻ: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിലെ ''എടുത്താൽ മതിയെന്ന് വ്യവസ്ഥ ചെയ്യണമെന്നും'' എന്ന വാചകത്തിനു ശേഷം ''അങ്ങനെ വ്യവസ്ഥ ചെയ്തുണ്ടാക്കുള്ള പദ്ധതി ഉടൻ തന്നെ നടപ്പിൽ വരുത്തണമെന്നും'' എന്ന വാചകംകൂടി ചേർക്കണം.

നമ്മുടെ നാട്ടിലെ കൃഷിക്കാർ സ്വാതന്ത്ര്യം ലഭിച്ചു പത്തു മുപ്പതു വർഷം കഴിഞ്ഞിട്ടുള്ള ഈ സന്ദർഭത്തിൽപോലും പരിപൂർണ്ണമായ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് നമുക്കറിയാം. ഈ സമ്പത്തൊക്കെ അടക്കിവയ്ക്കുന്ന കുത്തകക്കാരായ ആളുകളാണ് യഥാർത്ഥത്തിൽ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത്. അത്തരം പരിതഃസ്ഥിതി മാറിയാൽ മാത്രമേ കൃഷിക്കാരുടെ നില മെച്ചപ്പെടുകയുള്ളുവെന്ന് നമുക്കറിയാം. പക്ഷേ അതിനിടയിൽ കൃഷിക്കാർക്ക് എങ്ങനെ ആശ്വാസം കൊടുക്കാൻ സാധിക്കുമെന്ന് ആലോചിക്കണം. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ചില ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുകയുണ്ടായി. പക്ഷേ അത് എത്രമാത്രം പര്യാപ്തമാണ്, എത്ര ചുരുങ്ങിയ ആളുകൾക്ക് മാത്രമേ അതിന്റെ ഗുണം ഉപയോഗിക്കാൻ സാധിച്ചിട്ടുള്ളു എന്ന് നമുക്ക് മനസ്സിലാക്കാം. ഈ അവസരത്തിൽ ചെയ്യാവുന്ന സഹായങ്ങൾ എങ്ങനെ ചെയ്യുമെന്നാണ് ആലോചിക്കേണ്ടത്. കൃഷിക്കാരൻ ഇന്ന് പലരേയും ആശ്രയിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ വേണ്ടിയുള്ള സംഖ്യ ലഭിക്കാൻ പരിശ്രമിക്കുന്നു. കടമെടുക്കുന്ന സംഖ്യ വീട്ടിത്തീർക്കാൻ സാധിക്കാത്തതിന്റെ ഫലമായി പിഴ കൊടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കുകയാണ് ഇന്ന് കൃഷിക്കാർ. കടം വീട്ടാൻ അവർക്ക് സാധിക്കുന്നില്ല. ഇതിന്റെ ഫലമായിട്ട് അവർ പരമാവധി പലിശ കൊടുക്കേണ്ടി വരുന്നു. അതുകൊണ്ട് കർശനമായും പലിശയിൽ കുറവു വരുത്താനുള്ള പദ്ധതി ആവിഷ്കരിക്കണം. സമഗ്രമായ ഒരു പരിശോധന നടത്തി കാർഷിക സംരക്ഷണ പദ്ധതി നടപ്പിൽ വരുത്തണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ആർ. ശിവൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു ''പ്രമേയത്തിന്റെ മദ്ധ്യഭാഗത്ത് 'ഇപ്പോഴത്തെ ചട്ടം' എന്നു കഴിഞ്ഞിട്ട് 'അടിയന്തിരമായി' എന്നുകൂടി ചേർക്കണം.''

സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. വ്യക്തമായും നമ്മുടെ സാമ്പത്തിക രംഗം മൂന്ന് മേഖലകളായി വ്യാപിച്ചു കിടക്കുന്നു എന്ന് നമുക്കറിയാം. സ്വകാര്യമേഖല, പൊതുമേഖല, സഹകരണ മേഖല. ഏറ്റവും കൂടുതൽ ജനകീയ സഹകരണവും പങ്കാളിത്തവും ഉള്ള മേഖലയെന്നുള്ള നിലയിൽ സഹകരണ മേഖല സമ്പുഷ്ടമാക്കുന്നതിന് കൃഷിക്കാർക്കുള്ള പങ്ക് വളരെ വലുതാണ്. അവരുടെ സഹകരണംകൊണ്ട് സമ്പുഷ്ടമായിട്ടുള്ള ആ മേഖലയ്ക്ക് ലഭിച്ച ആ ആനുകൂല്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആ വിഭാഗത്തിന് ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ട ചില ആനുകൂല്യങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. അങ്ങനെയുള്ള കാര്യത്തിൽ അടിയന്തിര മായി നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ പണ്ട് ഒരിക്കൽ ഇവിടെനിന്നും ആവശ്യപ്പെട്ടതുപോലെ തന്നെ ഇന്ന് നമ്മുടെ കൃഷിക്കാർ സഹകരണ സംഘങ്ങളിൽനിന്നും സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടത്തിന്റെ പേരിൽ നിരവധി റവന്യൂ റക്കവറി നടപടികൾ ഉണ്ടാകുന്നുണ്ട്. ആ നടപടികൾ താൽക്കാലികമായി എങ്കിലും നിർത്തിവയ്ക്കുകയും പലിശ നിരക്കിൽ കുറവ് വരുത്തി ക്കൊണ്ട് വായ്പാപദ്ധതി കൂടുതൽ ലിബറലാക്കുകയും ചെയ്യാ നുള്ള നടപടികൾ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. ഇ. കെ. പിള്ള നടത്തിയ പ്രസം ഗത്തിൽ അദ്ദേഹം വളരെയധികം ധർമ്മരോഷം കൊള്ളുകയുണ്ടായി. അതിന്റെ വികാരപരമായ ഉള്ളടക്കം ഉൾക്കൊള്ളാൻ ഞങ്ങൾക്ക് മടിയില്ല. പണ്ട് കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും പറഞ്ഞുകൊണ്ട് ഈ ഭാഗത്തുനിന്നും ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ അതിനെ എതിർ ത്തുകൊണ്ട് സംസാരിക്കുന്ന കാര്യത്തിലും അദ്ദേഹം ഈ ആവേശവും വാശിയുമെല്ലാം കാണിക്കുകയുണ്ടായി. തീർച്ചയായും ഈ ധാർമ്മിക രോഷം തിരിച്ചുവിടേണ്ടത് ഇതിനെല്ലാം തടസ്സമായി നിൽക്കുന്ന ഭരണകക്ഷിയിലുള്ളവരോടാണ്. ഈ പ്രമേയത്തിന് എന്റെ വ്യക്തി പരമായ എല്ലാ പിന്തുണയും ഞങ്ങളുടെ പിന്തുണയും ഉണ്ടായിരിക്കു മെന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. സർ, ഈ കാർഷികബന്ധബില്ലുകൊണ്ട് യാതൊരു പ്രയോജനവും കിട്ടാതെ പോയിട്ടുള്ള ഒരുവിഭാഗം മലബാർ മേഖലയിൽ ഉണ്ട്. ഞാൻ പ്രധാനമായും പറയാൻ ഉദ്ദേശിക്കുന്നത് കാരായ്മാ കുടിയാൻമാരെ സംബന്ധിച്ചാണ്. അവർ തൊഴിലാളി കളും കർഷകരും ഉണ്ട്. അവരിൽ മൂന്നും അഞ്ചും പത്തും സെന്റ് ഉള്ളവർ ഉണ്ട്. ജൻമിത്തം അവസാനിപ്പിച്ചെങ്കിലും അവരുടെ കാര്യ ത്തിൽ ഇന്നും നിലനിൽക്കുകയാണ്. കടം കിട്ടാനുള്ള അവസരം കുടികിടപ്പുകാർക്കും കർഷകർക്കും മറ്റും വിപുലമായ തോതിൽ ഉള്ളപ്പോൾ മലബാർ മേഖലയിലുള്ള പതിനായിരക്കണക്കിന് വരുന്ന കാരായ്മ കുടിയാൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് അതിനുള്ള സൗകര്യമില്ല. അതുപോലെ എട്ടും പത്തും പന്ത്രണ്ടും സെന്റ് കുടികിടപ്പവകാശം കിട്ടിയിട്ടുള്ള വിഭാഗത്തെക്കൂടി ഉൾപ്പെ ടുത്തിക്കൊണ്ട് കടത്തിന്റെ പരിധി വിപുലീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിധിക്കു പുറത്തുള്ള ഭൂമി ഗവൺമെന്റ് എടുത്ത് വിതരണം നടത്തുന്ന അവസരത്തിൽ കാരായ്മാ കുടിയാൻ മാരുടെ സൗകര്യാവകാശത്തിനുള്ള ഭൂമിപോലും അവർക്ക് കിട്ടുന്നി ല്ലെന്നുള്ള കാര്യം ഗവൺമെന്റ് മനസ്സിലാക്കണം. പരിധിക്ക് പുറത്തുള്ള ഭൂമി നറുക്കിട്ട് കൊടുക്കുന്ന അവസരത്തിൽ അതിന്റെ ഗുണവുംകൂടി ഈ വിഭാഗത്തിന് കിട്ടുന്നില്ല. അതുകൊണ്ട് ഇവർക്കുകൂടി ഇത്തരത്തിലുള്ള എല്ലാ ആനുകൂല്യങ്ങളും കിട്ടത്തക്ക വിധത്തിൽ നിയമത്തിന്റെ പരിധിയിൽ ഇവരെകൂടി ഉൾപ്പെടുത്തണ മെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ''പ്രമേയത്തിന്റെ അവസാന ഭാഗത്ത് 'വ്യവസ്ഥ ചെയ്യണമെന്നും' എന്നതിനു ശേഷം 'കുറഞ്ഞ പലിശ നിരക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുമ്പോഴും പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് വരുന്ന നഷ്ടം ഗവൺമെൻറും, സ്റേറേറ്റ്, ജില്ലാ സഹകരണ ബാങ്കുകളും ഗ്രാൻറായി അനുവദിക്കുവാനുള്ള വ്യവസ്ഥയും ചെയ്യണമെന്നും" എന്നു ചേർക്കുക''.

സർ, സഹകരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന വായ്പയ്ക്ക് ഇന്നുള്ള പലിശനിരക്ക് കുറയ്ക്കണമെന്നുള്ളതാണ് പ്രമേയത്തിൻെറ ഉള്ളടക്കം. പ്രാഥമിക സഹകരണ സംഘങ്ങൾ പലിശനിരക്ക് കുറയ്ക്കണമെങ്കിൽ സ്വാഭാവികമായും സ്റേറേറ്റ് സഹകരണ ബാങ്കും ഡിസ്ട്രിക്റ് സഹകരണ ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കു കൊടുക്കുന്ന പലിശ നിരക്ക് കുറച്ചാൽ മാത്രമേ സാധിക്കുകയുള്ളു. ഇതിനു മുമ്പ് സഹകരണ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ആളുകൾ ഈ കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഗവൺമെൻറ് ഇതിനു വേണ്ടി റിസർവ്വ് ബാങ്കിൻെറ പ്രതിനിധികൾ അടക്കമുള്ള ഒരു കമ്മിറ്റിയെ നിശ്ചയിച്ച് ത്രീ ടയർ സിസ്റം റദ്ദു ടയർ സിസ്റമായി മാറ്റിയാൽ ഈ പലിശനിരക്ക് കുറയ്ക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയുണ്ടായിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ച് റദ്ദു ടയർ സിസ്റമാക്കിയതുകൊണ്ട് വലിയ മാറ്റമൊന്നും പലിശ നിരക്ക് കുറയ്ക്കുന്ന കാര്യത്തിൽ വരുത്താൻ സാധിക്കുകയില്ലെന്നുള്ളതാണ്. അങ്ങനെ വരുമ്പോഴും ഇന്ന് നിലവിലുള്ളതായ ത്രീ ടയർ സിസ്റം തന്നെ തുടരുകയും സ്റേറേറ്റ് സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ഇന്ന് പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും വസൂലാക്കുന്ന പലിശനിരക്ക് കുറയ്ക്കാൻ തയ്യാറാകണം. സഹകരണ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ചും പ്രാഥമികസഹകരണ സ്ഥാപനങ്ങൾക്ക് പലിശ കുറയ്ക്കുന്നതിനുവേണ്ടി തക്കവിധത്തിൽ ഗ്രാൻറ് അനുവദിക്കാൻ ഗവൺമെൻറ് മുമ്പോട്ടുവന്നാൽ മാത്രമേ ഇന്നത്തെ നിലപാടിൽനിന്നും കൃഷിക്കാരെ രക്ഷിക്കുന്നതിനു സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഈ പ്രമേയത്തിന് ഭേദഗതിയെന്നുള്ള നിലയിൽ പലിശനിരക്ക് കുറച്ചുകൊണ്ട് കൃഷിക്കാർക്കു വായ്പാ സൗകര്യം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നൽകാൻ സാധിക്കത്തക്ക വിധത്തിൽ സ്റേറേറ്റ് സഹകരണ ബാങ്കും ഡിസ്ട്രിക്റ് സഹകരണ ബാങ്കും ഗവൺമെൻറും ഗ്രാൻറ് കൊടുക്കണമെന്ന് ഞാൻ കൂട്ടിച്ചേർത്തിരിക്കുന്നത്. ഇതുംകൂടി ആയാൽ മാത്രമേ യഥാർത്ഥമായി ഈ പലിശനിരക്കു കുറയ്ക്കണമെന്നുള്ള പ്രമേയം അംഗീകരിച്ചതുകൊണ്ട് ഗുണം ഉണ്ടാകുകയുള്ളു. അതുകൊണ്ട് ഇതും കൂടി ഈ പ്രമേയത്തിൽ ഉൾക്കൊള്ളിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. സുകുമാരനുണ്ണി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇന്ന് കൃഷിക്കാർ കടംകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകയാണ്. സഹകരണസംഘത്തിൽനിന്നും ആളുകൾ അതിൻെറ ആരംഭകാലത്ത് പണം വാങ്ങിക്കാതിരുന്നുവെങ്കിൽ ഇപ്പോൾ പത്ത് ഇരട്ടിവരെ കടം വാങ്ങിക്കുന്ന അവസ്ഥാ വിശേഷമാണുള്ളത്. ഇപ്പോൾ കൃഷിക്കാർക്കു കടം വാങ്ങിക്കാൻ സാധിക്കുന്ന സാഹചര്യം ഉണ്ട്. വിത്തിനും വളത്തിനും മറ്റ് ഏത് ആവശ്യത്തിനും സഹകരണ സംഘങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. റിസർവ്വ് ബാങ്കിൽനിന്നും 6 ശതമാനം പലിശയ്ക്ക് വാങ്ങിച്ചിട്ടുള്ള ആ കടം ഇവിടെ എത്തുമ്പോൾ ഏതാണ്ട് 13–14 ശതമാനം വരെ പലിശ കൊടുക്കേണ്ട സാഹചര്യം വരുന്നു. ഇത്രയും മാർജിൻ ഈ കൃഷിക്കാരെ കടബാദ്ധ്യതയിൽ കൊണ്ടുവന്ന് എത്തിക്കുന്നു. ഇതിന് അറുതി വരുത്തണം

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ പ്രമേയ കർത്താവ് സൂചിപ്പിച്ചതുപോലെ നിയമത്തിൽ മാറ്റം വരുത്തണം. അതോടൊപ്പം അവർക്കു ആവശ്യത്തിനു കടം കിട്ടാനുള്ള അവസരം ഉണ്ടാകണം. ഗവൺമെന്റു ഭാഗത്തുനിന്നും വിചാരിച്ചാൽ മാത്രമേ അതിനു സാധിക്കുകയുള്ളു. കൃഷിക്കാരെ രക്ഷിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ ആർ. സുന്ദരേശൻ നായർ: ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ''പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ 'വായ്പ' എന്ന വാക്കിനു മുമ്പിൽ 'കൃഷിയുടെ സ്വഭാവത്തിനു അനുയോജ്യമായ ദീർഘ കാല' എന്നു ചേർക്കുക.

സർ, ചെറുകിടക്കാരും ഇടത്തരക്കാരുമായ കർഷകർക്ക്, കൃഷി ഒരു ഭാരമായി കരുതുന്ന കർഷകർക്ക് സഹകരണ സംഘങ്ങളിൽ നിന്നും ലോൺ കിട്ടുന്ന കാര്യത്തിൽ കിട്ടുന്ന തുക പലിശ, ജാമ്യം, വേണ്ട ഓഹരികളുടെ എണ്ണം, തിരിച്ച് അടയ്ക്കേണ്ട ഗഡുക്കളുടെ സ്വഭാവം, റവന്യൂ റക്കവറി നടപടികളുടെ ക്രൂരത ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഇളവു ചെയ്ത കടം ലഭിക്കാൻ വേണ്ട സൗകര്യം ഉണ്ടാകണമെന്നുള്ള പ്രമേയത്തിന്റെ തത്വത്തോട് യോജിക്കുന്നു. ഞാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അവതരിപ്പിക്കാം. കൃഷിക്കാർക്ക് അനുയോജ്യമായ ലോംഗ്ടേം ക്രോപ്പ് ലോൺ കൊടുക്കുന്നതിനു വേണ്ട ഏർപ്പാട് ഉണ്ടാകണമെന്നുള്ളതാണ് എന്റെ ഭേദഗതി. സർ, പലിശയെ സംബന്ധിച്ചിടത്തോളം പല സുഹൃത്തുക്കളും പറഞ്ഞ ഒരു കാര്യം വളരെ ശ്രദ്ധേയമാണ്. സഹകരണ മേഖലയെ നാം ആശ്രയിക്കുന്നത് ഇടത്തട്ടുകാരായ ലാഭം ഉണ്ടാക്കുന്ന ആളുകളെ ഒഴിവാക്കാൻ വേണ്ടിയാണ്. ഇന്ന് സഹകരണമേഖലയ്ക്കകത്ത് തന്നെ ഇടത്തട്ടുകാർ ഉണ്ടായിരിക്കുകയാണ്. റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ വളരെ കുറഞ്ഞ പലിശയ്ക്ക് കൊടുക്കുന്ന ലോൺ കർഷകന്റെ കൈയിലെത്തുമ്പോഴേക്കും മൂന്ന് നാലിരട്ടി പലിശ വർദ്ധിക്കുകയാണ്. ടയർ എന്തായാലും ഇടത്തട്ടുകാരായിനിന്നുകൊണ്ട് ഡിസ്ട്രിക്റ്റു ബാങ്കും സ്റ്റേറ്റ് ബാങ്കും വളരെ ലാഭം എടുക്കുന്നതുകൊണ്ടാണ് ഇങ്ങനെ പലിശ കൂടുന്നത്. ടയർ ഇല്ലാതാക്കണമെന്നു പറയുന്നില്ല. ലാഭം എടുക്കാതെ തന്നെ റിസർവ്വ് ബാങ്ക് നൽകുന്ന ലോൺ അവർക്ക് കിട്ടാനുള്ള സൗകര്യം ഉണ്ടാകണം. അതുപോലെ തന്നെ ജാമ്യത്തിന്റെ കാര്യം ഉണ്ട്.

ലോൺ കിട്ടുന്നതിനെക്കുറിച്ചുള്ള പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമെല്ലാമായി ഗവൺമെന്റ് ധാരാളം പണം ചെലവാക്കുന്നുണ്ട്. ഗവൺമെന്റ് പ്രസ്താവനകളും നടത്തുന്നുണ്ട്. എന്നാൽ ഇന്നും കൃഷിക്കാർക്കു ജാമ്യത്തിന്റെ വ്യവസ്ഥ വളരെ കർക്കശമായിത്തന്നെ നിലനിറുത്തിയിരിക്കുകയാണ്. അത് ലഘൂകരിക്കാൻ വ്യവസ്ഥയുണ്ടാകണം. എന്റെ ഭേദഗതി പറയുകയാണെങ്കിൽ ലോംഗ് ടേം ക്രോപ്പ് ലോൺ എന്ന സമ്പ്രദായം യൂണൈറ്റഡ് നേഷൻസ് ഓർഗനൈസേഷനും വേൾഡ് ബാങ്കും നിർദ്ദേശിക്കുകയും കേന്ദ്ര ഗവൺമെന്റ് വളരെ കാര്യമായി ആലോചിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുള്ള തത്വമാണ്. ഉദാഹരണം പറയുകയാണെങ്കിൽ കാർഷിക വിദഗ്ദ്ധൻമാരുടെ അഭിപ്രായത്തിൽ തെങ്ങിനു കൊടുക്കുന്ന വളത്തിന്റെ ഫലം തേങ്ങയായി കർഷകനു കിട്ടുന്നത് മൂന്നു വർഷം കഴിയുമ്പോഴാണ്: ലോൺ എടുക്കുന്ന കർഷകന് ലോൺ തിരിച്ചടയ്ക്കാനുള്ള കഴിവുണ്ടാകുന്നത് മൂന്നു വർഷം കഴിയുമ്പോഴാണ്. മൂന്നു വർഷം

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമ്പോഴും മാത്രം തിരിച്ചടയ്ക്കാനുള്ള വിധത്തിൽ തിരിച്ചടച്ച് തുടങ്ങേണ്ട തരത്തിലുള്ള ലോണാണ് യൂണൈറ്റഡ് നേഷൻസ് ഓർഗനൈസേഷനും വേൾഡ് ബാങ്കും ലോംഗ് ടേം ക്രോപ്പ് ലോൺ സമ്പ്രദായംകൊണ്ട് ഉദ്ദേശിക്കുന്നത്. ആ രീതിയിലുള്ള വ്യത്യാസം ഉൾക്കൊണ്ടു കൊണ്ട് കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് കൊടുക്കാനുള്ള വ്യവസ്ഥ ഉണ്ടാകണം. തെങ്ങു കൃഷിക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ 20 ശതമാനം മാത്രമേ വൻകിട കൃഷിക്കാരുടെ കൈയിലുള്ളു. ബാക്കി 80 ശതമാനം 5 - 10 സെൻറുള്ള പാവപ്പെട്ട കർഷകന്റെ കൈയിലാണ്. എന്നാൽ 80 ശതമാനം ഭൂമിയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നെങ്കിൽ മാത്രമേ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് 80 ശതമാനം സ്വന്തമായി വച്ചിരിക്കുന്ന പാവപ്പെട്ട കൃഷിക്കാരന് കുറഞ്ഞ നിരക്കിൽ ലോംഗ് ടേം ക്രോപ്പ് ലോൺ കിട്ടാനുള്ള അവസരമുണ്ടാക്കാനുള്ള ഏർപ്പാടുകൂടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 9 -ാം വരി ''സഭ'' കഴിഞ്ഞ് ''ഏകകണ്ഠമായി'' എന്നു ചേർക്കണം.

ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ നാട്ടിൻപുറത്തെ കൃഷിക്കാരന് പൂർണ്ണമായി എല്ലാത്തരം വായ്പകൾക്കും ആശ്രയിക്കേണ്ടത് സഹകരണ പ്രസ്ഥാനത്തെ മാത്രമാണ്. ആ സഹകരണ പ്രസ്ഥാനത്തിൽ പങ്കു ചേരുന്ന കൃഷിക്കാരൻ ഇന്ന് പല വിധത്തിൽ കൂടുതൽ സാമ്പത്തിക നഷ്ടങ്ങൾ സഹിക്കുന്ന ഒരു സ്ഥിതിയിലാണ് എത്തി നിൽക്കുന്നത്. ഒരു സഹകരണ സംഘത്തിൽ ഷെയർ എടുത്ത് സംഖ്യ വാങ്ങിച്ച് കൃഷി ചെയ്യുന്ന കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ഇന്നും ദൈനംദിനം പാപ്പരായിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതി വിശേഷം എവിടെ നോക്കിയാലും കാണാം. അതിനു പ്രധാനമായ ഘടകം ഈ പലിശ തന്നെയാണെന്നു എല്ലാവരും പറഞ്ഞിട്ടുണ്ട്. ഇന്ന് റിസർവ്വ് ബാങ്ക് 6 ശതമാനം പലിശയ്ക്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് പണം കൊടുക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജില്ലാ സഹകരണ ബാങ്കിൽ വരുമ്പോൾ അവർ കുറച്ചു പലിശ കൂട്ടുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിൽ എത്തുമ്പോൾ നേരത്തെ ബഹുമാനപ്പെട്ട ഒരു മെമ്പർ സൂചിപ്പിച്ചതുപോലെ 18 ശതമാനം വരെ കൃഷിക്കാരന് പലിശ കൊടുക്കേണ്ട ഒരു സ്ഥിതിയിലാണ് എത്തി നിൽക്കുന്നത്. തീർച്ചയായും അതിന് സാരമായ മാറ്റം വരുത്താതെ കൃഷിക്കാരനെ രക്ഷിക്കാൻ സാധിക്കുകയില്ല. കൃഷിക്കാർക്കാണെങ്കിൽ സഹകരണസംഘങ്ങളിലൂടെയല്ലാതെ വായ്പ കിട്ടാനുള്ള മറ്റ് ഏജൻസികളില്ല. ആ സാഹചര്യത്തിൽ ഇന്ന് ഈ ജില്ലാ സഹകരണ ബാങ്ക് ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം നേരിട്ട് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും, പ്രൈമറി സഹകരണ സംഘങ്ങളും മാത്രമായി നിന്നാൽ ഭീമമായ പലിശ കുറയ്ക്കാൻ കഴിയും. ഇപ്രാവശ്യം നമ്മുടെ സംസ്ഥാനത്തിലെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും 25 - 40 ലക്ഷം രൂപാ വരെ ലാഭമുണ്ട്. അവിടത്തെ ജീവനക്കാർക്ക് പ്രാഥമിക സംഘങ്ങളിൽ കൊടുക്കുന്നതിനേക്കാൾ ഇരട്ടി ശമ്പളം കൊടുക്കുന്നുണ്ട്. തീർച്ചയായും ഈ കൃഷിക്കാരനിൽനിന്നും ഇന്നു കൂടുതൽ വാങ്ങിക്കുന്ന പലിശ കുറയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് ഒന്നുകിൽ പ്രൈമറി സംഘങ്ങളും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി നിലനിർത്തുക, അല്ലെങ്കിൽ റിസർവ്വ് ബാങ്കിൽ നിന്നു തന്നെ നേരിട്ടു പണം കൊടുക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അത് ചെയ്യണം. സംസ്ഥാന ഗവൺമെൻറ് തന്നെ ഇന്ന് വ്യാവസായിക മേഖലയിലാണെങ്കിൽ 4—5 ശതമാനം പലിശയ്ക്ക് പണം കടം കൊടുക്കുന്നുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, ഇന്ന് ഭീമമായ പലിശ കൊണ്ട് കഷ്ടപ്പെടുന്ന കൃഷിക്കാരന് ആശ്വാസം നൽകുന്നതിന് ഗവൺമെൻറ് സബ്സിഡിയായി സഹകരണ സംഘത്തിനു പലിശ ഇനത്തിൽ രണ്ടും മൂന്നും ശതമാനം കൊടുക്കാൻ തയ്യാറാകണം. അങ്ങനെ കൊടുത്തു കൊണ്ട് നട്ടെല്ലു തകർന്നു കഴിയുന്ന കൃഷിക്കാരെ രക്ഷിക്കാൻ നടപടികളെടുക്കണം.

അതോടൊപ്പം മറെറാരു കാര്യം, ഷെയർ എടുക്കുന്ന കാര്യമാണ് പ്രധാനമായിട്ടുള്ളത്. ഒരു ഷെയർ എടുത്താൽ ആവശ്യമായ സംഖ്യ കൊടുക്കാൻ പ്രാഥമിക സംഘങ്ങൾ തയ്യാറാകേണ്ടിയിരിക്കുന്നു. പണ്ടാണെങ്കിൽ ഷെയർ എടുത്താൽ 8 ഇരട്ടി വരെ കൊടുക്കാമെന്നായിരുന്നു. ഇപ്പോൾ അത് 10 ഇരട്ടിയായിട്ടുണ്ട്. 20 ഇരട്ടി വരെ കൊടുക്കാൻ തീരുമാനമുണ്ടെന്നാണ് മനസ്സിലാകുന്നത്. നിയമപരമായി തടസ്സമില്ലാത്ത സാഹചര്യത്തിൽ ഒരു ഷെയറിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ സംഖ്യ കൊടുക്കാനുള്ള സാഹചര്യമുണ്ടാകണം. ഇക്കാര്യം ഗവൺമെൻറ് വളരെ ഗൗരവബുദ്ധിയോടുകൂടി ആലോചിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കണം.

ശ്രീ. പി. പി. വി. മൂസ്സ: സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഒരു കർഷകൻ രണ്ടായിരം രൂപ കടമെടുക്കാൻ പോയാൽ അവൻെറ കൈയിൽ വരുന്നത് 1400 രൂപയാണ്. അതേ സമയം വ്യവസായിക്ക് രണ്ടായിരം രൂപയും കിട്ടും. ഈ സ്ഥിതിയുണ്ടാകുന്നതു ഭീമമായ പലിശ നിരക്കും അതുപോലെ തന്നെ ഷെയറിൻെറ അടിസ്ഥാനത്തിൽ കടം കൊടുക്കുന്നതു കൊണ്ടുമാണ്. അതുകൊണ്ട് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വ്യവസായിക്കു കിട്ടുന്ന ആനുകൂല്യങ്ങളും നമ്മുടെ നാട്ടിൽ കിട്ടുന്നില്ലെന്നുള്ളതാണ് സത്യം. വ്യവസായിക്ക് ഒരു ടൺ വിറക് 25 രൂപക്ക് കിട്ടുമ്പോൾ 11 രൂപക്ക് യൂക്കാലിപ്റ്റസ് കിട്ടുമ്പോൾ ഒരു രൂപക്ക് മുള കിട്ടുമ്പോൾ അതുപോലെ വിദ്യുച്ഛക്തി കിട്ടുമ്പോൾ, മറ്റു അസംസ്കൃത സാധനങ്ങൾ കിട്ടുമ്പോൾ, കൃഷിക്കാർക്ക് വളത്തിൻെറ കാര്യത്തിലോ, മറ്റു കാര്യങ്ങളിലോ യാതൊരു ആനുകൂല്യവും കിട്ടുന്നില്ല. നാട്ടിൻെറ നട്ടെല്ലായ കൃഷിക്കാരനെ സഹായിക്കാൻ എത്തുന്നത് സംസ്ഥാന സഹകരണ സ്ഥാപനങ്ങളാണ്. റിസർവ്വ് ബാങ്കിൽ നിന്നുപോലും 5 ശതമാനം പലിശയ്ക്ക് കിട്ടുന്ന കടം 18 ശതമാനമായി വർദ്ധിക്കുന്നത് ത്രീ ടയർ സിസ്റ്റം ഏർപ്പെടുത്തിയതുകൊണ്ടാണ്. ഒന്നുകിൽ ത്രീടയർ സിസ്റ്റം ഒഴിവാക്കിക്കൊണ്ട് കൃഷിക്കാരനു റിസർവ്വ് ബാങ്കിലൂടെ കടം കിട്ടാനുള്ള ഏർപ്പാടുണ്ടാകണം അല്ലെങ്കിൽ പലിശ കുറച്ചുകൊണ്ട് പണം കിട്ടുന്ന സാഹചര്യമുണ്ടാകണം. പ്രമേയത്തെ അനുകൂലിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിന്റെ അവസാനത്തെ വരിയിൽ ''കേരളാ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു'' എന്നത് '' കേരളാ ഗവൺമെന്റിനോടും കേന്ദ്ര ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു'' എന്നാക്കി മാറ്റുക. പ്രമേയത്തെ അനുകൂലിക്കുന്നു. ഈ ആശയം ഉൾക്കൊള്ളുന്ന പ്രമേയങ്ങൾ ഈ നിയമസഭയിൽ പല തവണ പാസാക്കിയിട്ടുണ്ട്. പക്ഷെ പ്രായോഗികമാക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ് സത്യം. ത്രീ ടയർ സിസ്റ്റം ഒഴിവാക്കാൻ പ്രമേയാവതാരകൻ വളരെ ആവേശത്തോടു കൂടി സംസാരിക്കുന്നതു കേട്ടു. ത്രീ ടയർ സിസ്റ്റം ഒഴിവാക്കാൻ വേണ്ടി ഈ പ്രമേയാവതാരകന്റെ പാർട്ടി തയ്യാറാകുമോ? ഞാൻ മനസ്സിലാക്കുന്നത് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റ് പ്രമേയാവതാരകന്റെ പാർട്ടിയിൽ പെട്ട ആൾ ആണെന്നാണ്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് തന്നെ ത്രീടയർ സിസ്റ്റം ഒഴിവാക്കിയിട്ട് (മൂന്നു തട്ടുകളിൽ പലിശ എടുക്കുന്ന സമ്പ്രദായം) എസ്റ്റാബ്ലിഷ്മെന്റ് ചാർജ് കൂട്ടി കർഷകരിൽ നിന്നും കൂടുതൽ പലിശ എടുക്കുന്നുണ്ട്. ഭാഗ്യന്തരേണ പറയുകയാണെങ്കിൽ ഈ രണ്ടു ടയറിലെ കാറ്റു അഴിച്ചു വിട്ടു കളയാൻ തയ്യാറുണ്ടോ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊന്ന് ആയിരം രൂപ കടം വാങ്ങുമ്പോൾ ഷെയർ സംഖ്യയായ 100 രൂപ കഴിച്ചിട്ട് 900 രൂപയാണ് കൃഷിക്കാർക്ക് കിട്ടുന്നത്. ഒരു ഷെയർ മാത്രം നിറുത്തി ബാക്കി സംഖ്യ മുഴുവൻ കൊടുക്കാൻ സ്റ്റേറ്റ് ഗവൺമെന്റിനു അധികാരമുണ്ടോ? അതിന് റിസർവ്വു ബാങ്കിന്റെ അനുവാദം ആവശ്യമില്ലേയെന്നുള്ളതാണ് പ്രശ്നം. ഈ പ്രമേയം പാസാക്കിയതുകൊണ്ട് കാര്യമില്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം മൂന്നു തട്ടുകളിൽ ലാഭം എടുത്ത് പലിശ വർദ്ധിപ്പിച്ച് ഓവർ ഡ്യൂ ഇൻറ്റസ്റ്റ് 18 രൂപയും 20 രൂപയും ആക്കിത്തീർക്കുന്നത് പ്രയോജനകരമല്ല. ഉദ്ദേശ ശുദ്ധിയോടു കൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചതെങ്കിൽ ഞാൻ അതിനെ അനുകൂലിക്കുന്നു. ഒരു സഹകരണ സംഘത്തിന്റെ ഭാരവാഹിയെന്ന നിലയിൽക്കൂടി ഇതിനെ അനുകൂലിക്കുന്നു. ഇന്നലെ ഇവിടെ ചീഫ് മിനിസ്റ്റർ ദേവസ്സിക്കുട്ടിയോടു ചോദിക്കുകയുണ്ടായി. നിങ്ങൾ പറയുന്നത് നിങ്ങളുടെ പാർട്ടിയുടെ തീരുമാനമാണോ എന്ന്. അങ്ങനെയാണെങ്കിൽ പ്രമേയാവതാരകൻ പ്രസിഡന്റ് ആയിട്ടുള്ള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പലിശ കുറയ്ക്കാനും പ്രമേയത്തിന്റെ തത്വം അംഗീകരിക്കാനും തയ്യാറാണോ എന്ന കാര്യം വിശദീകരിച്ചാൽ തരക്കേടില്ല.

ശ്രീ. പി. സീതി ഹാജി: സർ, 'പ്രമേയത്തിന്റെ നാലാം വരിയിൽ ''ഈ വർഷം'' എന്നതിനുപകരം ''ഉടനെ'' എന്നു ചേർക്കേണ്ടതാണ്, എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ചെറുകിട കർഷകനെ സംബന്ധിച്ചിടത്തോളം സഹകരണ സംഘങ്ങൾ ഇന്നൊരു തീരാശാപമായിത്തീർന്നിരിക്കുകയാണ്. ചെറുകിട കൃഷിക്കാർ കടമെടുത്താൽ സമയത്തിന് അടയ്ക്കുവാൻ കഴിഞ്ഞില്ലെങ്കിൽ വീണ്ടും കടമെടുക്കുമ്പോൾ പിന്നേയും ഷെയർ ക്യാപ്പിറ്റലിലേക്ക് ഷെയർ വാങ്ങുകയും കോമ്പൗണ്ടു ഇൻറ്റസ്റ്റ് ഈടാക്കുകയും ചെയ്യുന്നുണ്ട്. ത്രീ ടയർ സിസ്റ്റത്തെക്കുറിച്ചും ടൂ ടയർ സിസ്റ്റത്തെക്കുറിച്ചും സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ഡയറക്റ്റർമാരും പ്രസിഡന്റുമാരും പറയുന്നത് കേൾക്കുമ്പോൾ അത്ഭുതം തോന്നുകയാണ്. നേരിട്ട് റിസർവ്വു ബാങ്കിൽ നിന്നും കർഷകർക്ക് കടമെടുക്കുവാൻ സാധിക്കുന്നില്ല.

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പല പ്രശ്നങ്ങളും ഇന്നു ചെറുകിട കർഷകർക്കുണ്ട്. അഞ്ചര ശതമാനം പലിശയ്ക്കു വാങ്ങിയിട്ട് പതിനെട്ട് ശതമാനം പലിശയ്ക്ക് കൊടുക്കുകയാണു ചെയ്യുന്നത്. അതിൽ ഗവൺമെൻറ് മുൻകൈ എടുക്കണം. പിന്നെ ജീവനക്കാർക്കു ശമ്പളം കൊടുക്കണമെന്നുള്ളതു വേറെ പ്രശ്നമാണ്. ഡിസ്ട്രിക്റ്റ് ബാങ്കിന്റെ ബാലൻസ് ഷീറ്റ് വരുമ്പോൾ അവർക്കു കോടിക്കണക്കിനു രൂപയുടെ ലാഭമാണു കാണുന്നത്. അതുകൊണ്ടു ജീവനക്കാരുടെ വേതനമൊന്നും ചുരുക്കാതെ കർഷകർക്ക് ആനുകൂല്യം ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സിറിയക് ജോൺ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് പൊതുവിൽ ഒരു മാതൃകയായി വളർന്നു വികസിച്ചിട്ടുള്ള ഒരു മേഖലയാണ് സഹകരണ പ്രസ്ഥാനം. അങ്ങനെയാണെങ്കിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇന്നത്തെ സാഹചര്യത്തിൽ സഹകരണ മേഖലയിൽ വേണ്ടത്ര വിശ്വാസം ഉണ്ടാകുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്. പലിശയുടെ കാര്യം പറയുമ്പോൾ, റിസർവ്വുബാങ്കു നിശ്ചയിച്ചിട്ടുള്ള പലിശനിരക്കും കൃഷിക്കാർ കൊടുക്കേണ്ട പലിശനിരക്കും തമ്മിൽ കണക്കാക്കുമ്പോൾ വലിയ അന്തരമുണ്ട്. ടയർ സിസ്റ്റം മാറുന്നതുകൊണ്ടു പ്രയോജനമുണ്ടാകുമോയെന്നും ആലോചിക്കണം. ഷെയർ റജിസ്റ്റർ ചെയ്യുന്ന കാര്യം പറയുമ്പോൾ ഒരു കണക്കിനു കൃഷിക്കാരെ ഞെക്കിപ്പിഴിയുന്ന ഒരു സ്ഥാപനമായി മാറുകയാണ് സഹകരണസംഘങ്ങൾ. 1:10 എന്നുള്ള അടിസ്ഥാനത്തിൽ ഷെയർ സർവ്വീസ് ബാങ്കിൽ പിടിക്കുമ്പോൾ ആ ഷെയറിന്റെ സംഖ്യ തന്നെ പ്രീൻസിപ്പൽ എമൗണ്ട് ആയി കണക്കാക്കി അതിൽ നിന്നു പലിശ ഈടാക്കുന്ന സമ്പ്രദായമുണ്ട്. അത് കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ പ്രയാസമാണ്. അതുപോലെ തന്നെ മറ്റു പല പ്രശ്നങ്ങളും ഈ രംഗത്ത് ഉണ്ട്. എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പു മന്ത്രിയോട് പറയാനുള്ളത്, 1977 ൽ എറണാകുളത്തു വച്ച് സഹകാരികളുടെ ഒരു സമ്മേളനം നടന്നു. ആ സമ്മേളനത്തിൽ വച്ച് ബഹുമാനപ്പെട്ട മന്ത്രി ഈ രംഗത്തുള്ള വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചു പറഞ്ഞു. ആ കൂട്ടത്തിൽ പലിശ നിരക്കിനെക്കുറിച്ച് അന്വേഷിക്കുന്നതിനു ഒരു കമ്മീഷനെ ഏർപ്പെടുത്താമെന്നും അന്നു ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയിരുന്നു. ആ ഉറപ്പ് എന്താണെന്നുള്ളതിനെക്കുറിച്ച് ഇന്ന് ഇതിന്റെ മറുപടി പറയുമ്പോൾ അറിയാമെന്നു വിശ്വസിക്കുകയാണ്.

ശ്രീ. കെ. ജെ. ചാക്കോ: സർ, ''പ്രമേയത്തിൽ 'ചെറുകിടക്കാരും ഇടത്തരക്കാരുമായ' എന്ന വാക്കുകൾ എടുത്തു കളഞ്ഞ് പ്രമേയം തിരുത്തി എഴുതണം'' എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. കേരളത്തിലെ കൃഷിക്കാർക്ക് അൽപ്പമായ ആശ്വാസം പകരാനുള്ള ഉദ്ദേശത്തോടുകൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് വായ്പക്ക് പലിശ നിരക്ക് കുറയ്ക്കണം എന്നാണ്. പല ബഹുമാനപ്പെട്ട മെമ്പർമാർ തമ്മിൽ അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണിത്. ആ അഭിപ്രായവ്യത്യാസം ഓരോരുത്തരുടേയും താൽപ്പര്യത്തിനു അനുസരിച്ചു മറുപടി പറയാനും ആഗ്രഹിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നാമൊക്കെ സോഷ്യലിസത്തിന്റെ പാതയിലൂടെ യാത്ര ചെയ്യുന്ന കാല ഘട്ടമാണ്. ഇടത്തട്ടുകാരനെ ഒഴിവാക്കണം എന്ന ആവശ്യം പല ഭാഗത്തു നിന്നും ഉന്നയിക്കാറുണ്ട്. അതിനുള്ള നിയമനിർമ്മാണം നടത്തി ക്കൊണ്ടിരിക്കുകയുമാണ്. ഈ പലിശ വർദ്ധിപ്പിക്കുന്നതിന്റെ കാര ണമെന്താണെന്ന് ചിന്തിക്കുന്ന അവസരത്തിൽ തീർച്ചയായും ഇതിനി ടയിൽ ഇടത്തട്ടുകാരായ ചില ആളുകൾ പലിശ വർദ്ധിപ്പിക്കുവാൻ സഹായകരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തു തയാണ്. റിസർവ്വു ബാങ്കിൽ നിന്നും കിട്ടുന്ന പണം സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വന്നു അവിടെ നിന്നും താഴോട്ട് ഒഴുകി ഓരോ ജില്ലയിലും ചെന്നതിനുശേഷം പ്രൈമറി സൊസൈറ്റികൾ വഴി കൃഷിക്കാരുടെ കയ്യിലെത്തുമ്പോൾ പതിനൊന്നു ശതമാനം പലിശ യായി വർദ്ധിക്കുന്നു. ആറുശതമാനം പലിശയ്ക്ക് ആണ് റിസർവ്വ് ബാങ്ക് കടം കൊടുക്കുന്നത്. എന്നാൽ ഇടയ്ക്കുള്ള അഞ്ചുശതമാനം വർദ്ധനവിൽ നിന്നും ഇടത്തട്ടുകാരായ ആളുകളെ ഒഴിവാക്കേണ്ടതാവശ്യമാണ്. കർഷകരെപ്പറ്റി തോരാതെ കണ്ണീർ ഒഴു ക്കുന്നവർക്കും അവരെ സംരക്ഷിക്കുവാൻ സാദ്ധ്യമല്ല. വ്യവസായ ങ്ങൾക്കുവേണ്ടി കൊടുക്കുമ്പോൾ അഞ്ചര ശതമാനം പലിശയ്ക്കാണ് കൊടുക്കുന്നത്. അതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് തൊഴിൽ മേഖലയിൽ കൂടുതൽ തൊഴിൽ ദിവസങ്ങൾ ഉണ്ടാക്കുക എന്നുള്ളതാണ്. അതുപോലെ തന്നെ കാർഷികമേഖലയിൽ പണിയെടുക്കുന്ന ലക്ഷക്ക ണക്കിന് തൊഴിലാളികൾ ഉണ്ട്. അവരെക്കൂടി ഉദ്ദേശിച്ചുകൊണ്ട് വായ്പക്കു പലിശ കുറയ്ക്കുവാനുള്ള പരിപാടി ഗവൺമെന്റ് ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ടായാലും മറ്റു നടപടികൾ സ്വീകരിച്ചാ യാലും സ്വീകരിക്കണം. കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺ മെന്റും ഇതേപ്പറ്റി വാചാലമായി പ്രസംഗിക്കുന്നതല്ലാതെ ഇന്നുവരെ ഇവർക്കു വേണ്ടി ആശ്വാസകരമായ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. അതുകൊണ്ട് ഈ സഭയുടെ വികാരങ്ങൾ മാനിച്ചു കൊണ്ട് ഈ മാതിരിയുള്ള സഹായകമായ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, പ്രമേയത്തിൽ മൂന്നാമത്തെ വരി യിൽ ''സഹകരണ സംഘങ്ങളിൽ നിന്ന്'' എന്നതിനു പകരം ''സഹ കരണ സ്ഥാപനങ്ങളിൽ നിന്ന്'' എന്നാക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. പ്രകൃതിക്ഷോഭംകൊണ്ടും വില വർദ്ധനവുകൊണ്ടും നികുതി ഭാരം കൊണ്ടും പൊറുതിമുട്ടി കഴിയുന്ന കേരളത്തിലെ 75 ശതമാനത്തോളം കൃഷിക്കാർക്ക് അത്താണിയായി പ്രവർത്തിക്കേണ്ടത് സഹകരണസംഘ ങ്ങളാണ്. സഹകരണസംഘങ്ങളിൽനിന്നും വായ്പ എടുക്കുന്ന കൃഷിക്കാർ 18 ശതമാനം വരെ പലിശ കൊടുക്കേണ്ടതായി വരുന്നുണ്ട്. 6 ശതമാനം പലിശയ്ക്കു റിസർവ്വു ബാങ്കിൽനിന്നും കിട്ടുന്ന സംഖ്യ കൃഷിക്കാർക്ക് ലഭിക്കുന്നത് 18 ശതമാനം പലിശയ്ക്കാണ്. ഈ രാജ്യത്തെ ഗവൺമെന്റ് സ്ഥാപനങ്ങളിൽനിന്നും കെ. എഫ്. സി. യിൽനിന്നും 4 ശതമാനത്തിന് ലക്ഷക്കണക്കിന് രൂപ വ്യവസായി കൾക്ക് കിട്ടുമ്പോൾ ഈ രാജ്യത്തെ കൃഷിക്കാർ 18 ശതമാനം പലിശ കൊടുക്കണമെന്നു പറയുന്നത് കടുത്ത കാർഷികദ്രോഹമാണ്. സർ, ഈ രാജ്യത്ത് ജില്ലാ ബാങ്കിന്റെ ആവശ്യമില്ല. ഇടത്തട്ട് അവസാനിപ്പി ക്കണം. ജില്ലാബാങ്കുകൾ മൽസരിച്ച് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എയർകണ്ടീഷനോടു കൂടിയ കെട്ടിടങ്ങളും പണിയുന്നതിനു് ഏർപ്പെട്ടിരിക്കുകയാണു്. ഈ പരിപാടി അവസാനിപ്പിക്കണം. ഈ രാജ്യത്തു് പത്തു് രൂപയുടെ ഷെയർ എടുത്താൽ കൃഷിക്കാർക്കു് കിട്ടുന്ന ലോൺ 100 രൂപയാണു്. ആയിരം രൂപ ഒരു കൃഷിക്കാരനു് ആവശ്യമുണ്ടെങ്കിൽ 100 രൂപയുടെ ഓഹരി എടുക്കണം. ഇതു് അവസാനിപ്പിക്കണം. 10 രൂപയുടെ ഓഹരി എടുത്താൽ എത്ര രൂപ വേണമെങ്കിലും ലോൺ എടുക്കാവുന്ന സ്ഥിതി ഈ രാജ്യത്തു് ഉണ്ടാകണം. അതിന്നനുസരിച്ചു് നിയമം ഭേദഗതി ചെയ്യണം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്. ചെറുകിടക്കാരും ഇടത്തരക്കാരും ആയ കൃഷിക്കാർക്കു് ഉദാരമായ വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഈ രാജ്യത്തു് ഉണ്ടാകണമെന്നുള്ള അഭിപ്രായക്കാരാണു് എല്ലാവരും. എന്നാൽ ഈ കൃഷിപ്പണിയുമായി ബന്ധപ്പെട്ടു കഴിയുന്ന കർഷകത്തൊഴിലാളികൾക്കു് അവരിൽ 90 ശതമാനം വരുന്ന ഹരിജനങ്ങൾക്കും അവരുടെ ജീവിതാവശ്യത്തിനു വേണ്ടി ഉദാരമായ വായ്പ ലഭിക്കുന്നില്ല. അതിനുള്ള സംവിധാനം ഈ രാജ്യത്തു് ഇല്ല. ഒരു ലോൺ എടുക്കണമെങ്കിൽ ഷെയർ എടുക്കണം. 1000 രൂപ ലോൺ എടുക്കണമെങ്കിൽ 100 രൂപയുടെ ഷെയർ എടുക്കണം. നിത്യദാരിദ്ര്യത്തിൽ കഴിയുന്ന ഒരാൾക്കു് അത്തരം ഷെയർ എടുക്കുവാനുള്ള കഴിവില്ലെങ്കിൽ ആ ഷെയർ ഗവൺമെന്റു് തന്നെ അടയ്ക്കണം. എന്നാണു് എനിക്കു പറയാനുള്ളതു്. അതുപോലെതന്നെ അവരുടെ വായ്പക്കു പലിശ ഈടാക്കാതിരിക്കുവാൻ വേണ്ട ഏർപ്പാടു് ചെയ്യണം. സഹകരണ സംഘങ്ങളിൽ കൂടി ഈ വക കാര്യങ്ങളും ചെയ്യാൻ വിഷമമുണ്ടെങ്കിൽ ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടു് ഇത്തരം ആനുകൂല്യങ്ങളും ചെയ്യാൻ തയ്യാറാകണം.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): ഈ സഭയുടെ എല്ലാ ഭാഗത്തു നിന്നും ഈ പ്രമേയത്തോടു് വികാരപരമായ യോജിപ്പാണു് പ്രകടിപ്പിച്ചതു്. പ്രശ്നത്തിന്റെ ഗൗരവം അതിൽ നിന്നും പൂർണ്ണമായ മനസ്സിലാക്കാൻ കഴിഞ്ഞു. പ്രമേയം അവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട ഇ. കെ. പിള്ള വളരെ വികാരഭരിതനായി പ്രശ്നങ്ങളും അവതരിപ്പിച്ചപ്പോഴും ഞാൻ പെട്ടെന്നു് ഓർത്തു പോയി ആർക്കൊക്കെയാണു് ഈ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ കൊടുക്കുന്നതു് എന്നു്. അദ്ദേഹം മറ്റു പല ആളുകൾക്കും വായ്പ കൊടുക്കുന്ന കാര്യത്തെക്കുറിച്ചു പറഞ്ഞു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. സർ, രണ്ടു കാര്യങ്ങളാണു് പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ഒന്നു പലിശ കുറയ്ക്കാനുള്ള ഏർപ്പാടു കളും ഉണ്ടാക്കുക. മറ്റൊന്നു് ഷെയർ ലിങ്കിംഗ് വ്യവസ്ഥ പരിഷ്കരണം എടുത്തു കളയണമെന്നുള്ളതു്. രണ്ടും നല്ല അഭിപ്രായങ്ങളാണു്. ഇപ്പോഴും നമ്മുടെ സംസ്ഥാനത്തു് കർഷകരെ സഹായിക്കുന്നതിനു് ഫലപ്രദമായ നടപടികളും സ്വീകരിക്കുന്നു. നമ്മുടെ സംസ്ഥാനവും നമ്മുടെ രാജ്യവും കാർഷിക രാജ്യമാണു്. കർഷകരുടെ താൽപ്പര്യങ്ങളും സംരക്ഷിക്കാതെ നമ്മുടെ സമ്പദ്ഘടനയിൽ ഫലപ്രദമായ, പ്രയോജനപ്രദമായ മാറ്റങ്ങളും ഉണ്ടാക്കാൻ സാധിക്കുകയില്ല. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതോടുകൂടി ഭൂവുടമാ സമ്പ്രദായത്തിൽ മാറ്റം വരും, ഫ്യൂഡൽ സമ്പ്രദായം അവസാനിപ്പിയ്ക്കും. പുതിയ ഒരു സാമൂഹ്യ സമ്പദ്ഘടന പടുത്തുയർത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളിൽ വ്യവസായവൽക്കരണവും ഭൂപരിഷ്ക്കരണ നടപടികളുമായി യോജിച്ചു പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാനൊക്കുകയുള്ളു. പുതിയ സമ്പദ്ഘടന പടുത്തുയർത്തുവാനുള്ള പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തണം. സർ, ആ നിലയ്ക്ക് എല്ലാവിധ പ്രോൽസാഹനവും, കർഷകർക്ക്, പ്രത്യേകിച്ച് സ്മാൾ മാർജിനൽ ഫാർമേഴ്സിനും കർഷകത്തൊഴിലാളികൾക്കും എല്ലാവിധ സഹായങ്ങളും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമായ എല്ലാ പരിപാടികളും നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് അതിനേക്കുറിച്ച് വളരെ ഗൗരവമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ് സർ, ഭൂപരിഷ്ക്കരണനിയമം മിക്കവാറും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അൽപ്പം ചില മേഖലയിൽ കുറച്ചുകൂടി പ്രവർത്തനമുണ്ടെന്നേല്ലാതെ ഫലത്തിൽ മിക്കവാറും മുഴുമിച്ചിരിക്കുകയാണ്. ഭൂപരിഷ്ക്കരണ നിയമ നടപടി ഫലപ്രദമായി നടപ്പിലാക്കിയതിനെത്തുടർന്ന് ചെയ്യേണ്ട ചില കാര്യങ്ങളും, സമഗ്രമായ വികസന പ്രവർത്തനങ്ങളും, കർഷകരേയും കർഷകത്തൊഴിലാളികളേയും സഹകരിപ്പിച്ച് സമഗ്രമായ വികസന പ്രവർത്തനങ്ങളും നടത്തിയാൽ മാത്രമേ ഈ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് പ്രയോജനം കിട്ടുകയുള്ളു. ആ നിലയ്ക്ക് ഗവൺമെൻറ് വളരെ ഗൗരവമായി ഇക്കാര്യത്തെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ഒന്നുരണ്ടു നിർദ്ദേശങ്ങളും വന്നു. അതായത് ഈ ഡെബ്റ്റ് റിലീഫാക്റ്റിന്റെ പരിധിയിൽ നിന്നും കൊണ്ടുവന്ന സഹകരണ സംഘത്തിൽ നിന്നുള്ള വായ്പകളും ഗവൺമെൻറ് കൊടുക്കുന്ന—ബാങ്കുകളിൽ നിന്നും കൊടുക്കുന്ന വായ്പകളും ഡെബ്റ്റ് റിലീഫാക്റ്റിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് പറയുന്നത്—ആ സമീപനത്തിൽ വ്യത്യാസമുണ്ട്. ഗവൺമെൻറ് ഈ സഹകരണ മേഖലയിൽ നിന്നും കർഷകർക്കു കൊടുക്കുന്ന വായ്പ, അതിനേക്കാളും കൂടുതൽ തുക അന്യായമായ പലിശയ്ക്ക് ഈ മേഖലക്ക് പുറത്തു നിന്നും ഈ കർഷകർ എടുക്കുന്നു. ആ അന്യായ പലിശ കൊടുക്കേണ്ടി വരുന്ന കർഷകരെ അതിൽനിന്നും മോചിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രധാനമായും ഡെബ്റ്റ് റിലീഫാക്റ്റ് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സഹകരണ സംഘങ്ങളിൽ നിന്നും കൊടുക്കുന്ന വായ്പക്കും, ബാങ്കിൽ നിന്നും കൊടുക്കുന്ന വായ്പക്കും, അന്യായമായ പലിശ ഈടാക്കുന്ന ഒരു സംവിധാനത്തെ താരതമ്യപ്പെടുത്തുന്നതു ശരിയല്ല. മറിച്ച് ഈ സഹകരണ പ്രസ്ഥാനത്തേയും, ബാങ്കുകളുടെ പ്രവർത്തനത്തേയും ശക്തിപ്പെടുത്തുകയാണ് നാം ചെയ്യേണ്ടത്. അതുകൊണ്ട് അതു ഡെബ്റ്റ് റിലീഫാക്റ്റിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുള്ളതിനോടു യോജിക്കുന്നില്ല.

സർ, ഈ ഗവൺമെൻറിന് ഖണ്ഡിതമായ ഒരു അഭിപ്രായമുണ്ട്, പലിശ കുറയ്ക്കണമെന്നുള്ളത്. ഗവൺമെൻറ് അതിനു വേണ്ടി പരിശ്രമിച്ചിട്ടുണ്ട്. ഇവിടത്തെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും, ഗവൺമെൻറുമായി അതിന് സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ഈ ഗവൺമെൻറ് തന്നെ റിസർവ്വു ബാങ്കിനോടും, കഴിഞ്ഞ കോ-ഓപ്പറേറ്റീവ് മിനിസ്റ്റേഴ്സിന്റെ കോൺഫറൻസിൽ വച്ചും പറഞ്ഞു കർഷകനിൽ നിന്നും ഈടാക്കുന്ന പലിശ കുറയ്ക്കണമെന്ന്. സംസ്ഥാന ഗവൺമെൻറിന് കേന്ദ്രം നൽകുന്ന വായ്പ സംസ്ഥാന ഗവൺമെൻറ് നേരിട്ടു കൊടുക്കുമ്പോൾ അഞ്ചേകാൽ ശതമാനം പലിശയാണ് ഈടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത്. ആ നിരക്കിന് കൊടുക്കാനൊത്തില്ലെങ്കിലും അൽപ്പമെങ്കിലും കൂടി കർഷകനു് ഈ പലിശ കുറവു വരുത്തണമെന്നു് പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷെ നിർഭാഗ്യവശാൽ നടക്കുന്നില്ല. കേരള ഗവൺമെൻറിനേയും കൂടി സമ്മർദ്ദത്തിൻെറ ഫലമായിട്ടാണെന്നു് ഞാൻ അവകാശപ്പെടുന്നു., 7 ശതമാനം പലിശ റിസർവ്വ് ബാങ്ക് ഈടാക്കിയിരുന്നതു 6 ശതമാനമായി കുറച്ചു 1978 മാർച്ച് 1 -ാം തീയതി മുതൽ. ഇതിനു മുമ്പു ത്രീ ടയർ സിസ്റ്റത്തെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. അതിനേക്കുറിച്ചു് വിസ്തരിച്ചു ഞാൻ പറയുന്നില്ല. 7 ശതമാനത്തിനു് റിസർവ്വു ബാങ്ക് കൊടുത്തു കൊണ്ടിരുന്നപ്പോൾ സ്റ്റേറ്റ് ബാങ്ക് ഒരു ശതമാനം മാർജിനിട്ടിട്ടു് ഡിസ്ട്രിക്റ്റ് ബാങ്കിനു് 8 ശതമാനത്തിനു കൊടുത്തു; ഡിസ്ട്രിക്റ്റ് ബാങ്ക് രണ്ടു ശതമാനം മാർജിനിട്ടിട്ടു് 10 ശതമാനത്തിനു പ്രൈമറി സൊസൈറ്റിയ്ക്കു കൊടുത്തു, പ്രൈമറി സൊസൈറ്റികൾ രണ്ടര ശതമാനം മാർജിനിട്ടിട്ടു് പന്ത്രണ്ടര ശതമാനത്തിനു് കർഷകർക്കു കൊടുത്തു. അങ്ങനെയാണു് 7 ശതമാനമായിരുന്നപ്പോൾ ഉണ്ടായിരുന്നതു്. പിന്നെ സമയത്തിനു പണമൊടുക്കാത്ത ആളുകളിൽ നിന്നും പതിമൂന്നര ശതമാനം പീനൽ ഇൻറെറസ്റ്റ് ഈടാക്കി, ഇന്നും അങ്ങനെയാണു്. പിന്നെ ഒരു ശതമാനം റിസർവ്വു ബാങ്കു് പലിശ കുറച്ചപ്പോൾ, സ്റ്റേറ്റ് ബാങ്കും ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും കൂടി ഒന്നര ശതമാനം പലിശ കുറച്ചു, അതായതു് 6 ശതമാനത്തിനു കിട്ടുന്നതു ആറേമുക്കാൽ ശതമാനത്തിനു് ഡിസ്ട്രിക്റ്റ് ബാങ്കിനു് കൊടുക്കുന്നു. അവർ ഒന്നേമുക്കാൽ ശതമാനമെടുത്തു എട്ടര ശതമാനത്തിനു കൊടുക്കുന്നു. എന്നാൽ പ്രൈമറി സൊസൈറ്റികൾ പഴയ രണ്ടരയിൽത്തന്നെ നിൽക്കുന്നു. അങ്ങനെ 11 ശതമാനമാണു്. അതുപോലെ തന്നെ മീഡിയം ടേം അഗ്രിക്കൾച്ചറൽ ലോണിനും നേരത്തെ ഏഴര ശതമാനമായിരുന്നു പലിശ, പിന്നീടതു ആറര ശതമാനമായി; നിർത്തിയിരുന്നു. 1.1.1979 മുതൽ വീണ്ടും കുറച്ചു റിസർവ്വു് ബാങ്കു് അതിനു് 6 ശതമാനം പലിശയാണു് ഈടാക്കുന്നതു്, പിന്നെ അംബ്രീമേറ്റായിട്ടു് കർഷകനു വരുമ്പോൾ 13 ശതമാനം ഈടാക്കിയിരുന്നിടത്തു ഇപ്പോൾ പത്തര ശതമാനം പലിശയാണു് മീഡിയം ടേം ലോണിനു് ഈടാക്കുന്നതു്.

അപ്പോൾ ഗവൺമെൻറു് വളരെ കാര്യക്ഷമമായും, ഫലപ്രദമായും പ്രവർത്തിക്കുന്നുണ്ടു്. ഇതിൽ നിന്നും ഇനിയും കുറയ്ക്കുന്നതിനാവശ്യമായ നടപടികളും, പ്രേരണകളും നൽകും. ഗവൺമെൻറിൻെറ ആഗ്രഹവും അഭിപ്രായവും ആണെങ്കിലും അതിൻമേൽ സമ്മർദ്ദം ചെലുത്തുമെന്നുള്ളതിൽക്കവിഞ്ഞു പലിശ കുറച്ചേ മതിയാകൂ എന്നുള്ള ഒരു ഏർപ്പാടുണ്ടാക്കാൻ ഒക്കുകയില്ല, സർ. അതുപോലെ തന്നെ നോൺ അഗ്രികൾച്ചറൽ ലോണിനു കൊടുക്കുമ്പോൾ 18 ശതമാനം വരെ ഈടാക്കിയിരുന്നു. ഗവൺമെൻറു് ഇടപെട്ടു് ഇപ്പോഴതു പതിന്നാലും, പതിനാറും ശതമാനമാണു് ഈടാക്കുന്നതു്. അതും കുറയ്ക്കണമെന്ന അഭിപ്രായമാണു്. ഹുണ്ടിക കടക്കാരൻെറ സ്ഥാനം ഏറ്റെടുക്കാനല്ല കോ-ഓപ്പറേറ്റീവ് സഹകരണ പ്രസ്ഥാനം. അതുകൊണ്ടു് പലിശ വർദ്ധന വരരുതു്; വലിയ ഒരു ഭാരമാകരുതു്, ആ നിലയിൽ ഈ ആളുകൾക്കു് പലിശ കുറച്ചു കിട്ടാനുള്ള സംവിധാനത്തെക്കുറിച്ചു് ഗവൺമെൻറു് തന്നേയും വളരെ ഗൗരവമായി ആലോചിച്ചു കൊണ്ടിരിക്കുകയാണു്. ഈ അവസരത്തിൽ അതിനേക്കുറിച്ചുള്ള ആലോചനകൾ എന്താണെന്നു് പറയുവാൻ ഞാൻ ഒരുങ്ങുന്നില്ല സർ. ഗവൺമെൻറു് ഈ പ്രശ്നത്തിൽ ഗൗരവതരമായി ആലോചിക്കുകയും, കർഷക ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനു്, കർഷകൻെറ വരുമാന-

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുന്നതിന് കർഷകന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്, ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും പലിശയിൽത്തന്നേയും സഹായം എത്തിക്കേണ്ടിവരികയാണെങ്കിൽ അക്കാര്യത്തെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുമെന്നും ഈ അവസരത്തിൽ ഞാൻ പറയുകയാണ്.

ഷെയർ ലിങ്കിംഗിന്റെ കാര്യത്തെക്കുറിച്ചു പറഞ്ഞു—നമ്മുടെ നിയന്ത്രണത്തിന് അതീതമാണ്. ഗവൺമെന്റിന്റെ അഭിപ്രായം ഷെയർ ലിങ്കിംഗിന്റെ കാര്യത്തിൽ ഇപ്പോഴത്തേതിൽ നിന്നും ചില അയവുകൾ വരുത്തണമെന്നുള്ളത് തന്നെയാണ്. അത് എല്ലാ സൊസൈറ്റികൾക്കും ഒരുപോലെയാക്കണമെന്നുള്ള വാദം ഗവൺമെന്റിനില്ല. ഈ ഷെയർ ലിങ്കിംഗ് കൊണ്ടുവന്നതുതന്നെ സൊസൈറ്റികളെ വയബിൾ ആക്കുന്നതിനു വേണ്ടിയാണ്. നമ്മുടെ സംസ്ഥാനത്തു താരതമ്യേന അതിന്റെ ഘട്ടം കഴിഞ്ഞിരിക്കുന്നു. വയബിളായിട്ടുള്ള സഹകരണ സംഘങ്ങൾ (പ്രൈമറി) ധാരാളമായിട്ടുണ്ട്.. അവിടെ ഇത് ഇൻസിസ്റ്റ് ചെയ്യേണ്ട കാര്യമില്ല. പക്ഷേ റിസർവ്വു ബാങ്കിന്റെ ഷെയർ ക്യാപ്പിറ്റലിൽ പാർട്ടിസിപ്പേഷനുണ്ട്. അതു വേണമെങ്കിൽ അവരുടെ നിർദ്ദേശത്തിനു വിധേയമായി നമ്മൾ പ്രവർത്തിക്കണം. അവർക്ക് നിർബന്ധമാണ് ഷെയർ ലിങ്കിംഗ് വ്യവസ്ഥ വേണമെന്നുള്ളത്. പക്ഷേ കോ.ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റ് ഒരു പഠനം നടത്തിയിട്ട്, എല്ലാ പ്രൈമറി സഹകരണ സംഘങ്ങളോടും ഇങ്ങനെ നിർബന്ധിക്കരുതെന്നും, അതൊന്ന് തരംതിരിച്ചുകൊണ്ട് സഹകരണ - സംഘങ്ങളുടെ കഴിവുകൾ മനസ്സിലാക്കിക്കൊണ്ട് ആ ഷെയർ ലിങ്കിംഗ് വ്യവസ്ഥയിലും ഒരു അയവു വരുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. സർ, നമ്മുടെ കർഷകർ ആയിരം രൂപ ചോദിച്ചാൽ അവർക്ക് 800 രൂപയേ കിട്ടുന്നുള്ളു എന്നു പറയുന്നത്, 200 രൂപ ആദ്യം കൊടുക്കാനുള്ളത് ഈ ആയിരത്തിൽനിന്നു പിടിച്ചിട്ട് ബാക്കി 800 കൊടുക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അക്കാര്യത്തിലും ഗവൺമെന്റിന്റെ ഖണ്ഡിതമായ അഭിപ്രായമിതാണ്. അതിന് ഒരു കാരണവശാലും ഗവൺമെന്റ് പിന്നോക്കം നിൽക്കുകയില്ല. പക്ഷേ ഇതു ഗവൺമെന്റ് മാത്രം ചെയ്യേണ്ട കാര്യമല്ല. ഇവിടെ പ്രകടിപ്പിച്ച വികാരം ഉൾക്കൊള്ളുന്നു; ആവശ്യകത അംഗീകരിക്കുന്നു. ഗവൺമെന്റ് ഒരു പടികൂടി മുന്നോട്ടു കടക്കാൻ തയ്യാറാണ്. ഏതെല്ലാം രീതിയിൽ കർഷകജനതയെ സഹായിക്കാമോ ആ രീതിയിലെല്ലാം സഹായിക്കണം. കാരണം അത് ഈ നാടിന്റെ വികസനത്തിന്റെ ഒരു ഘടകമാണ്. ഭൂപരിഷ്കരണനടപടി നടപ്പിലാക്കിയതിനെത്തുടർന്നുള്ള നടപടിയാണ് അത്. വ്യവസായവൽക്കരണവും കർഷകരുടെ വരുമാന വർദ്ധനവിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ഒരുമിച്ചു കൈകോർത്തുപിടിച്ചു പോയാൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിൽ സമ്പദ്ഘടനയിൽ വളർച്ചയും മാറ്റവും ഉണ്ടാകുകയുള്ളു. അതുകൊണ്ട് സമഗ്രമായ വളർച്ചയ്ക്ക് ഉതകുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി ഇക്കാര്യത്തെക്കുറിച്ചു ഗൗരവമായി ഗവൺമെന്റ് ആലോചിക്കുമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. ഗവൺമെന്റ് മാത്രം ചെയ്യാനുള്ളതല്ല. ഈ പ്രമേയത്തെ സംബന്ധിച്ച് റിസർവ്വ് ബാങ്കിന്—കേന്ദ്ര ഗവൺമെന്റിനേതായിട്ടുള്ള നടപടികൾ വേണ്ടിവരും. അതുകൊണ്ട് ഇതിന്റെ സ്പിരിറ്റ് ഞാൻ അംഗീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ഇതിന് റിസർവ്വ് ബാങ്കിന്റേയും, കേന്ദ്ര ഗവൺമെന്റിന്റേയും ഒക്കെ അനുവാദം ലഭിക്കുന്നതിനു മുമ്പ് വളരെ പെട്ടെന്ന് ചില കാര്യങ്ങൾ ചെയ്യാൻ കഴിയുകയില്ലെന്ന് പറഞ്ഞു. അതിനുവേണ്ടി ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. അതുവരെ താൽക്കാലികമായിട്ട് നമ്മുടെ സംസ്ഥാനത്ത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ മാത്രം വരുന്ന ചില കാര്യങ്ങൾ, അൽപ്പം കടാശ്വാസമല്ല പറയുന്നത്, അല്ലെങ്കിൽ പലിശയല്ല; ജലസേചന നികുതി തുടങ്ങിയ കാര്യങ്ങളിൽ അൽപ്പം ഇളവുവരുത്താൻ കൃഷിക്കാരെ സഹായിക്കാൻ അങ്ങനെ എന്തെങ്കിലും തീരുമാനമെടുക്കാൻ ഗവൺമെന്റ് സന്നദ്ധത പ്രകടിപ്പിക്കുമോ?

ശ്രീ. ബേബിജോൺ: ജലസേചന നികുതിയെ സംബന്ധിച്ച് എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ച്—ഇപ്പോൾ എനിക്ക് പറയാൻ ബുദ്ധിമുട്ടുണ്ട്. കർഷകരുടെ താൽപ്പര്യ സംരക്ഷണത്തിന് സഹായകമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെയും അതിന്റെ സൂചനകൾ—സമഗ്രമായ വികസന പ്രവർത്തനത്തിന്റെ സൂചനകൾ തീർച്ചയായിട്ടും ഉണ്ടായിരിക്കും. അത് ഏതൊക്കെ, എന്തൊക്കെ എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ പറയാൻ ബുദ്ധിമുട്ടുണ്ട്.

ചെയർമാൻ (ശ്രീ. റ്റി. എം. ജേക്കബ്): അംഗങ്ങൾ ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചാൽ എങ്ങനെയാണ്? ഇപ്പോൾ തന്നെ ഈ പ്രമേയത്തിന് വളരെക്കൂടുതൽ സമയമെടുത്തിരിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: നെല്ലിന്റെ വില ക്രമാതീതമായി കുറഞ്ഞുവെന്നുള്ളതുകൊണ്ട് ഇൻപുട്ട് കൃഷിക്കാരായ കൃഷിക്കാർക്ക് സഹായകരമായി ഗവൺമെന്റ് interfere ചെയ്യേണ്ട ഘട്ടം ആയിരിക്കുന്നു. അത് എന്താണെന്നുള്ളതിനെ സംബന്ധിച്ച് പറയാമോ?

ശ്രീ. ബേബിജോൺ: ഒരു വാദപ്രതിവാദത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. കാർഷികോൽപ്പാദനത്തിന് വില ഇടിഞ്ഞിരിക്കുന്നുവെന്ന അഭിപ്രായം പല ഭാഗത്തുനിന്നും വന്നു. നെല്ലിന്റെ വില കുറഞ്ഞുവെന്നുള്ളതു ശരിയാണ്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഇതുവരെ നെല്ല് ഭക്ഷ്യസാധനമെന്നുള്ള നിലയിൽ അതിന് മാത്രം ഊന്നൽ നൽകിയിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക സ്ഥിതിഗതികൾ പരിശോധിച്ചാൽ അതിന് മാത്രം ഊന്നൽ നൽകിക്കൊണ്ടുള്ള കൃഷി സമ്പ്രദായവും സമീപനവും തെറ്റാണ്; അശാസ്ത്രീയമാണ്. നമ്മുടെ നാണ്യവിളകളെല്ലാം തന്നെ കേന്ദ്രീകരിച്ച് നമ്മൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പെട്ടെന്ന് സഹായം അർഹിക്കുന്ന മേഖലയാണ്.

ശ്രീ. എ. പി. കുര്യൻ: നെൽക്കൃഷി ക്രമേണ ചുരുക്കാമെന്നാണോ?

ശ്രീ. ബേബിജോൺ: എന്നല്ല അർത്ഥം. ജലസേചന പദ്ധതികൾ നമ്മൾ ആവിഷ്കരിച്ചു. ഗവൺമെന്റും കർഷകസംഘടനകളും കൃഷി എന്നു പറഞ്ഞാൽ നെൽക്കൃഷിയെ മാത്രം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ജലസേചനത്തിനുതന്നെ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് പാഡി ഫീൽഡിനുള്ള ഇറിഗേഷനു മാത്രമേയുള്ളു. ഇതുവരെ സ്വീകരിച്ചിരിക്കുന്ന സമീപനത്തിൽ മൗലികമായ മാറ്റം ഉണ്ടാക്കിയാൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികമേഖല വികസിപ്പിക്കാൻ ഒക്കുകയുള്ളു; അതിൽനിന്ന് വരുമാനം വർദ്ധിപ്പിക്കാനൊക്കുകയുള്ളു: റിസർവ്വ് ബാങ്ക് അനുവദിച്ചിട്ടുള്ളത് 21 കോടി രൂപയാണ്. 44.12 കോടിയാണ് സ്റ്റേറ്റ് ബാങ്കിന്റെ സഹായം. റിസർവ്വ് ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. കർഷകരുടെ താൽപ്പര്യം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതുരണ്ടും മുമ്പിൽ കണ്ടുകൊണ്ടു സഹകരണ പ്രസ്ഥാനം തളർത്താതെ കർഷകരുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് ഗവൺമെൻറ് മുന്നോട്ടു പോകാൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. പ്രമേയത്തിന്റെ സ്പിരിറിനോട് പൂർണ്ണമായും അനുകൂലിക്കുന്നു. ഗവൺമെൻറു മാത്രം ചെയ്യേണ്ട കാര്യമല്ലാത്തതുകൊണ്ട് പ്രമേയാവതാരകൻ പ്രമേയം പ്രസ് ചെയ്യുകയില്ലെന്ന് വിശ്വസിക്കുന്നു.

The amendment moved by Shri N.I. Devassikutty was, by leave, withdrawn.

The amendment moved by Shri A.P. Kurian was put and lost.

The amendment moved by Shri N. Bhaskaran Nair was, by leave, withdrawn.

The amendment moved by Shri Thundathil Kunjukrishna Pillai was, by leave, withdrawn.

The amendment moved by Shri Chidayan Govindan was put and lost.

The amendment moved by Shri P.R. Sivan was, by leave, withdrawn.

The amendment moved by Shri N K. Balakrishnan was, by leave, withdrawn.

The amendment moved by Shri V.K. Rajan was, by leave, withdrawn.

The amendment moved by Shri Lonappan Nambadan, was by leave, withdrawn.

The amendment moved by Shri R. Sundaresan Nair was, by leave, withdrawn.

The amendment moved by Shri E. Narayanan Nair was, by leave, withdrawn.

The amendment moved by Shri P. Seethi Haji was, by leave, withdrawn.

The amendment moved by Shri K. J. Chacko was, by leave, withdrawn.

The Resolution moved by Shri E. K. Pillai was, by leave, withdrawn.

(ii) താലൂക്കുകളുടേയും ഡിസ്ട്രിക്റുകളുടേയും പുനർനിർണ്ണയം

ഡോ. ജോർജ് മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''ജനസംഖ്യ, വിസ്തീർണ്ണം, വികസനം, റവന്യൂ വർദ്ധനം മുതലായവ കണക്കിലെടുത്ത് കേരളത്തിലെ താലൂക്കുകളും ഡിസ്ട്രിക്റുകളും പുനർനിർണ്ണയം ചെയ്യുന്നതിന് ഒരു കമ്മിറിയെ നിയോഗിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു.''

ചരിത്രപ്രസിദ്ധമായ കേരള ജില്ലാഭരണബിൽ നിയമം ആയിരിക്കുന്ന സമയത്ത് കേരളത്തിലെ റവന്യൂ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിക്കണമെന്ന് പറയുന്നത് നീതിയുക്തമായ സംഗതിയാണ്. ചരിത്ര പശ്ചാത്തലം എടുത്തുനോക്കിയാൽ പലതരം ജില്ലകളുണ്ട്. വ്യാവസായിക ജില്ലയുണ്ട്. വിദ്യാഭ്യാസ ജില്ലയുണ്ട്. എന്നാൽ നമ്മുടെ ഭാരതത്തിൽ ലോർഡ് കോൺവാലീസ് എന്ന വൈസ്രോയിയാണ് റവന്യൂ ജില്ല ആദ്യമായി ഭരണഘടകമായി മാറിയത്. 1756-നും 1793-നും ഇടയ്ക്ക് വൈസ്രോയിയായിരുന്ന ലോർഡ് കോൺവാലിസ് ആണ് ഇത് ആദ്യമായി ഉണ്ടാക്കിയത്. അന്ന് ഒരു ജില്ലയ്ക്കു കുറഞ്ഞത് 640 സ്കയർ കി. മീറർ എങ്കിലും വിസ്തീർണ്ണം ഉണ്ടായിരിക്കണമെന്നാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഭാരതം സ്വതന്ത്രമായികഴിഞ്ഞ് പല ജില്ലകളും പഞ്ചായത്തുകളും താലൂക്കുകളുമൊക്കെ പുതിയതായി ഉണ്ടായി. അടിസ്ഥാനപരമായി ഇതേപ്പററിയുള്ള സമീപനം എന്താണ്, എങ്ങനെയാണ് വീക്ഷണം ചെയ്യേണ്ടത്, എന്ത് അടിസ്ഥാനത്തിലാണ് ചിന്തിക്കേണ്ടത് എന്നുള്ളതിനെപ്പററി വ്യക്തമായ കാഴ്ചപ്പാടില്ലെന്ന് ആമുഖമായി പറയാനാഗ്രഹിക്കുകയാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രപര

LIBRARY ARCHIVES Kerala Legislative Assembly